PG

# സി. മത്തായി സ്മാരക പ്രഭാഷണം

കൊല്ലം 1985 ജനുവരി 31 ഫെബ്രുവരി 1

## കേരള വിദ്യാഭ്യാസ വ്യവസ്ഥയുടെ വരേണ്യപക്ഷപാതം

പി. ഗോവിന്ദപ്പിള്ള

7765

ദേശീയ തലത്തിലുള്ള ആസൂത്രണം ക്രമേണ കരുത്താർജ്ജിക്കുകയും വിഭവശേഷി എല്ലാം കേന്ദ്രത്തിൽ വർദ്ധമാനമായി വിലയിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ ഇന്ത്യൻ വിദ്യാഭ്യാസ വ്യവസ്ഥയിൽ നിന്നടർത്തിമാററി കേരളത്തിലെ വിദ്യാഭ്യാസത്തെക്കുറിച്ച് ചർച്ചചെയ്യുക ദുഷ്കരമായിരിക്കും. എങ്കിലും കേരളത്തിലെ വിദ്യാഭ്യാസ വ്യവസ്ഥയും പുരോഗതിയും ഇന്ത്യയുടെമററുഭാഗങ്ങളുടേതിനേക്കാൾ തികച്ചും വ്യത്യസ്തവും ചിലകാര്യങ്ങളിൽമെച്ചവുമാണെന്ന വസ്തുത അവശേഷിക്കുന്നു. സാക്ഷരത, സ്ത്രീവിദ്യാഭ്യാസം തുടങ്ങിയ പലമേഖലകളിലും കേരളം മററു് സംസ്ഥാനങ്ങളെ അപേക്ഷിച്ച് മുൻപന്തിയിലാണ്. ഉദാഹരണത്തിനു് 20-ാം നൂററാണ്ടിലെ കഴിഞ്ഞ എട്ടുപതിററാണ്ടുകാലത്തെ സാക്ഷരതാപുരോഗതി എപ്രകാരമായിരുന്നുവെന്നു് പട്ടിക 1-ൽകാണുക.

### പട്ടിക I

സാക്ഷരതാ പുരോഗതി 1901-1981
(ശതമാനം)

| | 1901 | 1911 | 1921 | 1931 | 1941 | 1951 | 1961 | 1971 | 1981 |
|---|---|---|---|---|---|---|---|---|---|
| ഇന്ത്യ— | 3.35 | 5.92 | 7.16 | 9.50 | ,, | 16.67 | 24.02 | 29.45 | 36.03 |
| കേരളം — | 11.14 | 13.31 | 19.02 | 21.34 | ,, | 40.47 | 56.85 | 60.42 | 70.42 |

PG Library & Research Center

370.1095483

1981-ഓട്ടുകൂടി ജനസംഖ്യയുടെ 70.42 ശതമാനം കേരളീയർ സാക്ഷരരാണെന്നതു് നമ്മുടെ വിദ്യാഭ്യാസ വ്യവസ്ഥയ്ക്കു് അഭിമാനിക്കാൻ വകനൽകുന്നു പ്രാഥമിക വിദ്യാലയത്തിൽ ചേരാൻ പ്രായമാകാത്ത കുട്ടികളെ ഒഴിച്ചുനിർത്തിയാൽ ഇതു് 95% വരുന്ന സാക്ഷരതയാണു്. തുടർവിദ്യാഭ്യാസത്തിനുള്ള സാഹചര്യങ്ങളുടെ കുറവും വലിയസംഖ്യജനങ്ങളുടെ ദാരിദ്ര്യവുംമൂലം സാക്ഷരത നേടിയവർതന്നെ നിരക്ഷരതയിലേയ്ക്കു് വഴുതിവീഴുന്നു. (ലാപ്സ് ഇൻടു ഇല്ലിററസി) എന്ന വിമർശനം ശരിയാണെന്നും അതിനും പരിഹാരം നേടേണ്ടതാണെന്നും സമ്മതിക്കുന്നതോടൊപ്പം നമ്മുടെ നേട്ടത്തിന്റെ വശവും കുറച്ചു് കാണേണ്ടതില്ല വളരെ പിന്നോക്കം നിൽക്കുന്ന ചില പ്രദേശങ്ങളിലും പട്ടികജാതിക്കാരുടെ ഇടയിൽ കുറെയും, പട്ടികവർഗക്കാരുടെ ഇടയിൽ വളരെയും നിരക്ഷരർ ശേഷിക്കുന്നുണ്ടു്. ഈ പോരായ്മ പരിഹരിക്കേണ്ടതുതന്നെ പക്ഷെ സ്കൂൾവിദ്യാഭ്യാസ വ്യവസ്ഥ എടുത്തുനോക്കിയാൽ വളർച്ച കഴിയുന്നതിന്റെ പരമാവധിക്കെട്ടത്തെത്തിയിരിക്കുന്നുവെന്നതു് സംശയരഹിതമാണു്. മാത്രമല്ല വളർച്ച മുററിത്തുടങ്ങിയിട്ടില്ലേ എന്നും സംശയിക്കേണ്ടിയിരിക്കുന്നു, ഉദാഹരണത്തിനു് പ്രാഥമിക തലത്തിലെ വിദ്യാലയ പ്രവേശനംശതമാനത്തിലും കേവലസംഖ്യയിലും കുറഞ്ഞുതുടങ്ങിയിട്ടുണ്ടു്. ദ്വിതീയതലത്തിലേക്കാകട്ടെ പുരോഗതിയും ശതമാനത്തിൽ കുറവുമുണ്ടു്. (പട്ടിക I കാണുക) ജനസംഖ്യാവർദ്ധനവിലുള്ള സ്വാഗതാർഹമായ പതനമാണു് ഈപ്രക്രിയയ്ക്കു് കാരണം സ്കൂൾ വിദ്യാഭ്യാസരംഗത്തെ കടിഞ്ഞാണില്ലാത്ത അനാസൂത്രിതവികാസത്തെ തടയാനും വിദ്യാഭ്യാസനിലവാരം മെച്ചപ്പെടുത്താനും പരിഷ്കാരങ്ങൾ ഏർപ്പെടുത്താനും ഈ സംഭവഗതി അരങ്ങൊരുക്കുന്നു. പക്ഷെ ആ വഴിക്കാണോ നാം പോകുന്നതു്? അല്ലെന്നാണു് അനുഭവം.

1982-83-ലെ കണക്കനുസരിച്ചു് കേരളത്തിൽ 6807 കീഴ് പ്രാഥമിക വിദ്യാലയങ്ങളും 2763 മേൽ പ്രാഥമികവിദ്യാലയങ്ങളും (ഹൈസ്കൂൾ) ഉണ്ടായിരുന്നു. ഇവയിൽ 62 ശതമാനവും സ്വകാര്യമേഖലയിലാണു്. ആ വർഷത്തെ വിദ്യാർത്ഥി-വിദ്യാർത്ഥിനി

കളുടെ എണ്ണം 56.46 ലക്ഷമാണ്. അത് തൊട്ടുമുമ്പത്തെ വർഷത്തെക്കാൾ 4527 കുറവാണ്. കാരണം മേൽവിവരിച്ചതുതന്നെ. 1981-82 ലെ അദ്ധ്യാപകരുടെ എണ്ണം 1.78 ലക്ഷമായിരുന്നു. അതുപ്രകാരം അദ്ധ്യാപകവിദ്യാർത്ഥി അനുപാതം 32. വിദ്യാഭ്യാസചിലവിലും നാം മറ്റ് പ്രവിശ്യകളെ അപേക്ഷിച്ച് മുൻപന്തിയിൽ തന്നെ. 1981-82-ലെ കണക്കുപ്രകാരം ഇന്ത്യ ഒട്ടാകെയുള്ള പ്രതിശീർഷ വിദ്യാഭ്യാസച്ചിലവ് 48 രൂപയാണെങ്കിൽ കേരളത്തിലേത് 97 രൂപയാണ്.

സ്കൂൾ വിദ്യാഭ്യാസത്തിന്റെ ഈ ത്വരിതവികാസത്തെയും കവച്ചുവയ്ക്കുന്നതാണ് കേരളത്തിന്റെ സർവകലാശാലതല വിദ്യാഭ്യാസം1956-ൽ കേരളസംസ്ഥാനം രൂപംകൊള്ളുമ്പോൾ നമുക്ക് ഒരൊററ സർവകലായാലയേയുണ്ടായിരുന്നുള്ളു

## പട്ടിക II

വിദ്യാലയ പ്രവേശന പുരോഗതി

1973-82 ലക്ഷങ്ങളിൽ

| വർഷം | കീഴ് പ്രാഥമികം | മേൽ പ്രാഥമികം | ദ്വിതീയം ഹൈസ്കൂൾ | മൊത്തം |
|---|---|---|---|---|
| 1973-74 | 29·18 | 14·86 | 8·71 | 52·75 |
| 1978-79 | 26·43 | 16·97 | 11·98 | 55·38 |
| 1979-80 | 26·48 | 16·68 | 12·65 | 55·81 |
| 1980-81 | 25·95 | 16·94 | 13·14 | 56·03 |
| 1981-82 | 25·84 | 17·52 | 13·21 | 56·57 |
| 1982-83 | 25·49 | 17·82 | 13·15 | 56·46 |

1937-ൽ സ്ഥാപിച്ച തിരുവിതാംകൂർ സർവകലാശാല അത് കേരളസർവകലാശാലയായി വികസിപ്പിച്ചതിനെത്തുടർന്ന് വേറെ നാല് സർവകലാശാലകൾ രൂപംകൈവന്നിരിക്കുന്നു— അതിലൊന്ന് കാർഷിക സർവകലായാ

ല. ആർട്ട്സ് ആൻറ് സയൻസ് എന്ന് വിശേഷിപ്പിക്കപ്പെട്ടുന്ന കോളേജുകൾ 1956—57-ൽ 28 ആയിരുന്നതു് 1982-83 ൽ 174 ആയി വർദ്ധിച്ചു. അതിനുശേഷം പത്തുപതിനഞ്ചെണ്ണംകൂടി ഉണ്ടായിട്ടുണ്ട്. അവയിലെ വിദ്യാർത്ഥികളുടെ എണ്ണം 22,000-ൽനിന്ന് 2.82 ലക്ഷമായി പെരുകി.

ഇതിനൊക്കെ പുറമെ അഞ്ചുമെഡിക്കൽ കോളേജുകളും അഞ്ച് ആയുർവേദ കോളേജുകളും അഞ്ച്ഹോമിയോ കോളേജുകളും ആറ് ഇഞ്ചനീയറിംഗ് കോളേജുകളും 22 പോളിടെക്നിക്കുകളും വേറെയുണ്ട്. പാരലൽ കോളേജുകൾ മുതലായവ എണ്ണമററ മറെറാരുവക.

അങ്ങനെ അറുപതുലക്ഷത്തിൽപരം വിദ്യാർത്ഥികളും രണ്ടുലക്ഷത്തിൽപരം അദ്ധ്യാപകരും അദ്ധ്യാപകേതര വിദ്യാഭ്യാസപ്രവർത്തകരും ഭരണക്കാരും എല്ലാം അടങ്ങുന്നതാണ് രണ്ടരകോടി ജനസംഖ്യയുള്ള കേരളത്തിൻെറ വിദ്യാഭ്യാസ മഹാപ്രസ്ഥാനം.

# II

ബ്രഹ്മാണ്ഡപ്രായമായ ഈ പ്രസ്ഥാനം നമ്മളോ നമ്മുടെഭരണാധികാരികളോ, നമ്മുടെപൂർവികന്മാർതന്നെയോ ലക്ഷ്യബോധത്തോടെ ആസൂത്രിതമായി കെട്ടിപ്പെടുത്തതാണോ? ആണെന്നതിനു് തെളിവില്ല. കേരളത്തിലെ, പ്രത്യേകിച്ച് തിരുകൊച്ചിയിലെ, വിദ്യാഭ്യാസ വ്യവസ്ഥയിൽ ഒരു നൂററാണ്ടുമുമ്പ് ചില രാജാക്കന്മാരും മിഷനറിമാരും ദിവാൻമാരും ചില മുൻകൈകൾ എടുത്തതിൻെറ മുദ്രകൾ പതിഞ്ഞിട്ടുണ്ട് എന്നതിൽ സംശയമില്ല. പക്ഷെ പിന്നീടുള്ളതു് ചില സാമൂഹ്യ സമ്മർദ്ദങ്ങളുടേയും സവിശേഷ പരിതസ്ഥിതികളുടേയും സമ്മർദ്ദത്തിൽ അങ്ങോട്ട് സ്വയം വളരുകയായിരുന്നു. അതിൻെറ ഫലമായിട്ടാണ് പട്ടിക I-ൽ കാണുന്നതുപോലെ സ്വാതന്ത്ര്യപ്രാപ്തിക്കുമുമ്പുതന്നെ ഇന്ത്യയുടെ മറേറതുഭാ

ഗത്തേയുംകാൾ ഉയർന്ന സാക്ഷരത നമുക്കുണ്ടായിരുന്നതു്, ഈ "പത്തായം പെറും, ചക്കി കുത്തും, അമ്മ വയ്ക്കും, ഞാനുണ്ണും" എന്ന നാട്ടുവാഴിത്തശൈലിയിലുള്ള വളർച്ച നമ്മെ എവിടെയോ കൊണ്ടെത്തിച്ചിരിക്കുകയാണു്. വിദ്യാഭ്യാസരംഗത്തു് സ്വാതന്ത്ര്യപ്രാപ്തിക്കുശേഷം ഉണ്ടായതായി നാം കണ്ട വമ്പിച്ച വളർച്ചയും പഴയപോലെ ദിശാബോധമില്ലാത്ത അനാസൂത്രിതമായ വളർച്ചയായിരുന്നു.

ഈ ഒട്ടുവിലത്തെ കാലയളവിൽ ദിശാബോധത്തോടെയുള്ള ആസൂത്രിതവികാസത്തിന് വഴികാട്ടിയാകാവുന്ന അനേകം വിദഗ്ദ്ധ സമിതികളുടെ റിപ്പോർട്ടു് ഒന്നിനുപിറകേ ഒന്നായി വന്നുകൊണ്ടിരുന്നെങ്കിലും അഖിലേന്ത്യാതലത്തിലെന്നപോലെസംസ്ഥാനതലത്തിലും അവയൊക്കെ അവജ്ഞയോടെ അവഗണിക്കപ്പെട്ടു. സ്വാതന്ത്ര്യപ്രാപ്തിക്കു് തൊട്ടുമുമ്പ് 1944-ൽ പ്രസിദ്ധീകരിക്കപ്പെട്ട സാർജൻറ് കമ്മിററിറിപ്പോർട്ട്, 1948-49-ലെ ഉന്നതവിദ്യാഭ്യാസത്തെക്കുറിച്ചുള്ള രാധാകൃഷ്ണൻ കമ്മീഷൻ റിപ്പോർട്ട്, പ്രൈമറി വിദ്യാഭ്യാസരംഗത്തെ ഭരണകാര്യങ്ങളെക്കുറിച്ചുള്ള ബിജിലാപൂർ കമ്മിററിറിപ്പോർട്ട് (1951) ദ്വിതീയതല വിദ്യാഭ്യാസത്തെ സംബന്ധിച്ച മുതലിയാർ കമ്മീഷൻ റിപ്പോർട്ട് (1953) എല്ലാത്തിനും മകുടം ചാർത്തുന്ന ഡി. എസ്. കൊഠാരിയുടെ സമഗ്രമായ വിദ്യാഭ്യാസ കമ്മീഷൻ റിപ്പോർട്ട് (1964-66) എന്നിവ റിപ്പോർട്ടുകളിൽ പ്രാമുഖ്യം വഹിക്കുന്നു. ഇവയ്ക്കു്പുറമെ സ്കൂൾതല വിദ്യാഭ്യാസ പരിഷ്കാരങ്ങൾക്കായി വിദ്യാഭ്യാസഗവേഷണ പരിശീലനങ്ങൾക്കായുള്ള ദേശീയ സമിതിയും (NCERT) സർവകലാശാല വിദ്യാഭ്യാസനിലവാരനിയന്ത്രണത്തിനും പുരോഗതിക്കുമായി സർവകലാശാല ഗ്രാൻറ്സ് കമ്മീഷൻ എന്നീ കേന്ദ്രസ്ഥാപനങ്ങളും നിലവിൽവന്നു. 1950-ൽ നടപ്പിലായ റിപ്പബ്ളിക്കൻ ഭരണഘടനയിലും വിദ്യാഭ്യാസരംഗം സംബന്ധിച്ചു് ചെയ്തുതീർക്കേണ്ട കടമകൾ വ്യവസ്ഥ ചെയ്തിരുന്നു. ഉദാഹരണത്തിന് ഭരണഘടനയുടെ 45-ം 46-ംവകുപ്പുകൾ പരിശോധിക്കുക.

"45. സ്റ്റേററ് ഈ ഭരണഘടനയുടെ പ്രാരംഭം മുതൽ പത്തുവർ

ഷക്കാലത്തിനുള്ളിൽ എല്ലാം കുട്ടികാംക്കും, അവർക്കു് പതിനാലുവയസ്സുപൂർത്തിയാകുന്നതുവരെ സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസത്തിനു് വ്യവസ്ഥചെയ്യുവാൻ യത്നിക്കേണ്ടതാകുന്നു."

"46. സ്റ്റേററു്, ജനങ്ങളിൽ ദുർബലരായ വിഭാഗങ്ങളുടെ, പ്രത്യേകിച്ചു് പട്ടികജാതികളുടേയും പട്ടികഗോത്രവർഗങ്ങളുടെയും വിദ്യാഭ്യാസപരവും സാമ്പത്തികവുമായ താൽപര്യങ്ങളെ പ്രത്യേക ശ്രദ്ധയോടുകൂടി അഭിവൃദ്ധിപ്പെടുത്തേണ്ടതും, അവരെ സാമൂഹ്യമായ അനീതിയിൽനിന്നും എല്ലാ രൂപത്തിലുമുള്ള ചൂഷണത്തിൽനിന്നും രക്ഷിക്കേണ്ടതുമാകുന്നു"

എവിടെപ്പോയി ഈ ഭരണഘടനാനിബന്ധനകാം. ഭരണഘടന അംഗീകരിച്ചു് 10 അല്ല വർഷം 34 കഴിഞ്ഞു എന്നിട്ടും 6–14 വയസ്സിലെന്നല്ല 6–11 വയസ്സിൽപ്പെട്ട കുട്ടികാംക്കുപോലും നിർബന്ധിതവും സൗജന്യവും ആയ വിദ്യാഭ്യാസം നൽകിയിട്ടില്ല. ജനസംഖ്യയുടെ 15–20 ശതമാനത്തോളംവരുന്ന പട്ടികജാതി-ഗോത്രവർഗക്കാരിൽ ഭൂരിപക്ഷംപേർക്കും സാക്ഷരത ലഭ്യമായിട്ടില്ലെന്നു് മാത്രമല്ല, ആകെനടപ്പിലുള്ള വിദ്യാഭ്യാസത്തിന്റെ അഞ്ചു്–ആറു് ശതമാനംപോലും അവർക്കു് ലഭിക്കുന്നതായി കണക്കുകാംകാണിക്കുന്നില്ല. 45–ാം വകുപ്പു് എങ്ങിനെ ലംഘിക്കപ്പെട്ടിരിക്കുന്നു എന്നു് സാക്ഷരതാപുരോഗതിയെ സംബന്ധിച്ച പട്ടിക I–ൽ നാം കണ്ടുകഴിഞ്ഞു 46–ാംവകുപ്പിന്റെ ലംഘനം ബോദ്ധ്യമാവാൻ മൊത്തം വിദ്യാലയപ്രവേശനത്തിൽ പട്ടികജാതിക്കാരുടെ ശതമാനം കാണിക്കുന്ന പട്ടിക III കാണുക. എല്ലാ തലത്തിലേയും വിദ്യാഭ്യാസമെടുക്കുമ്പോാം 15 ശതമാനംവരുന്ന പട്ടികജാതിക്കാരുടേതു് 1977–78–ൽ 12.6 വരെമാത്രമെ എത്തിയിട്ടുള്ളു. ആകെ വിദ്യാഭ്യാസം ലഭിക്കുന്നവരുടെശതമാനമാണിതു്. ഭൂരിപക്ഷംപേരുംമേൽജാതിക്കാരുാംപ്പെടെ നിരക്ഷരരാണു് ഇന്ത്യയിൽ എന്നുകൂടി ഓർക്കണം. ഉന്നതവിദ്യാഭ്യാസതലത്തിലേക്കു് പ്രവേശിക്കുമ്പോാം ശതമാനം വീണ്ടും കുറയുന്നു 7.7 ശതമാനം. അതിൽതന്നെ മെഡി

കൽ, എഞ്ചിനീയറിംഗ് തുടങ്ങിയ പ്രൊഫഷനൽ വിഭാഗത്തിലെത്തുമ്പോഴും പിന്നെയും കുറവ്—3.8 ശതമാനം. സംവരണവും സഹായധനവും എല്ലാമുണ്ടായിട്ടും അവർ വിഭാഗങ്ങൾക്ക് പിടിച്ചുകയറാൻ കഴിയുന്നില്ല—അതവർക്ക് പ്രതിബന്ധമായി വർത്തിക്കുന്ന മററു സാമൂഹ്യസാമ്പത്തിക പരാധീനതകൾ മാററാതെ 46-ാം വകുപ്പ് ഫലപ്രദമാകില്ലെന്നർത്ഥം.

# പട്ടിക III

മൊത്തം വിദ്യാലയ പ്രവേശനത്തിൽ പട്ടികജാതിക്കാരുടെ ശതമാനം

| | | ഉന്നതവിദ്യാഭ്യാസം | |
|---|---|---|---|
| വർഷം | വിദ്യാഭ്യാസം | പൊതു | തൊഴിൽ |
| 1964—65 | 10.8 | 5.5 | 4 3 |
| 1965—66 | 10.9 | .. | .. |
| 1966—67 | 11.0 | 5.6 | 4.4 |
| 1967—68 | 10.8 | 5.5 | 4.9 |
| 1968—70 | 10.3 | 5.7 | 5.1 |
| 1970—71 | 10.6 | 6.1 | 5.5 |
| 1971—72 | 10.7 | 6.6 | 5.8 |
| 1972 73 | 10.8 | 7.1 | 5.5 |
| 1973—74 | .. | .. | .. |
| 1974—75 | 11 0 | 7.8 | 5.7 |
| 1975—76 | 11.4 | 7.9 | 6.0 |
| 1976—77 | 11.8 | 7.3 | 6.5 |
| 1977—78 | 12.6 | 7.7 | 6.3 |

ഇനി നമുക്ക് വിവിധ വിദഗ്ധകമ്മിററികളുടേയും കമ്മീഷനുകളുടേയും ഫലമെന്തായി എന്നുനോക്കാം. വ്യക്തമായ ഭരണഘടനാവ്യവസ്ഥകൾപോലും അലക്ഷ്യമായി ലംഘിക്കുന്ന നാട്ടിൽ അന്വേഷണറിപ്പോർട്ടുകളും അവയിലെ ശുപാർശകളും അവഗണിക്ക

പ്പെടാതിരുന്നാലേ വിസ്മയത്തനാവകാശമുള്ളു. രാധാകൃഷ്ണൻ റിപ്പോർട്ടും ഖേർകമ്മീഷൻ റിപ്പോർട്ടും മുതലിയാർ കമ്മീഷൻ റിപ്പോർട്ടും കേന്ദ്രഗവൺമെൻേറാ മററധികൃതസ്ഥാനങ്ങളോ പരിശോധിച്ച് നയരൂപീകരണം നടത്തിയതായി രേഖകളില്ല. കേന്ദ്രമന്ത്രിസഭാതലത്തിൽ അങ്ങിനെ പരിഗണിക്കപ്പെടാൻ ഭാഗ്യംസിദ്ധിച്ച ഏക റിപ്പോർട്ട് കൊഠാരി കമ്മീഷൻെറയാണ് 1968-ൽ കേന്ദ്രമന്ത്രിസഭ കൊഠാരികമ്മീഷൻ റിപ്പോർട്ട് പരിഗണിച്ച് അംഗീകരിക്കുകയും, അതിൻെറ അടിസ്ഥാനത്തിൽ ഇന്ത്യയുടെ ഒന്നാമത്തെ ദേശീയവിദ്യാഭ്യാസ നയപ്രഖ്യാപനം സ്വാതന്ത്ര്യലബ്ധിക്കുശേഷം 21 വർഷം കഴിഞ്ഞിട്ടാണെങ്കിലും നടത്തുകയുംചെയ്തു. എല്ലാവരും സന്തോഷിച്ചു. പക്ഷേ ആ സന്തോഷം നീണ്ടകാലം നിലനിന്നില്ല. കാരണം ആ വിദ്യാഭ്യാസനയം നടപ്പിലാക്കിയില്ല. ഉജ്വലമായ ഭാഷയിൽ കൊഠാരി കമ്മീഷൻെറ വീക്ഷണവും ശുപാർശകളും സംഗ്രഹിച്ച് പ്രസ്താവിച്ചശേഷം നയപ്രഖ്യാപനത്തിൽ ഇങ്ങിനെക്കൂടിപറഞ്ഞു: അഞ്ചു വർഷംകൂടുമ്പോൾ നയപ്രഖ്യാപനം നടപ്പിലാക്കിയതിൽ ഉണ്ടായ വിജയവും വീഴ്ചകളും കേന്ദ്രഗവൺമെൻറ് വിലയിരുത്തുമെന്നും പോരായ്മകൾ തീർത്ത് മുന്നോട്ടുകൊണ്ടുപോകാൻ നടപടികൾ കൈകൊള്ളുമെന്നും, ഈ അഞ്ചാണ്ടു പുനഃപരിശോധന നടന്നതായി തെളിവില്ല, കേന്ദ്രമോ സംസ്ഥാനങ്ങളോ കൊഠാരി ശുപാർശകൾ അടുക്കടുക്കായി നടപ്പിലാക്കാൻ എന്തെങ്കിലും ചെയ്തതായിട്ടും കേൾവിയില്ല. സംഗതി പഴയതുപോലെ "പത്തായംപെറും" ശൈലിയിൽ അനാസൂത്രിതമായി മുന്നേറി. സ്കൂളുകളും കോളേജുകളും സർവകലാശാലകളും സൂകരപ്രസവംപോലെ വർദ്ധിച്ചുവരികയുംചെയ്തു.

1977-ൽ പുതിയ പ്രതീക്ഷകൾ ഉണർത്തിക്കൊണ്ട് ജനതാമന്ത്രിസഭ കേന്ദ്രത്തിൽ അധികാരത്തിൽവന്നപ്പോൾ 1968-ലെ വിദ്യാഭ്യാസനയപ്രഖ്യാപനം അതുനടത്തിയ മന്ത്രിസഭയുടെ രാഷ്ട്രീയകക്ഷിയെപ്പോലെ ശിഥിലമായികിടക്കുന്നതാണ് കണ്ടതു്. ജനതാമന്ത്രിസഭയിലെ വിദ്യാഭ്യാസമന്ത്രി ഡാ: ചന്ദറുടെ മുൻകയ്യിൽ 1978-ൽ സ്വതന്ത്രഭാരതത്തിലെ രണ്ടാംദേശീയ വിദ്യാഭ്യാസനയം

പ്രഖ്യാപിക്കപ്പെട്ടു. ഒന്നാം പ്രഖ്യാപനംപോലെ സമഗ്രവും ഉജ്ജ്വലവും ഒന്നും ആയിരുന്നില്ലെങ്കിലും ഒരു കാര്യത്തിൽ രണ്ടാം പ്രഖ്യാപനത്തിന്റെ മേന്മ എടുത്തുപറയത്തക്കതാണ്. വളരെയേറെ വൈകിപ്പോയ ഭരണഘടന 45-ാം വകുപ്പ് പ്രാവർത്തികമാക്കി നിരക്ഷരതാനിർമാർജനം ഒരു "ക്രാഷ് പരിപാടി"യുടെ അടിസ്ഥാനത്തിൽ ഊർജിതപ്പെടുത്തുക. നടപടികൾ ചിലതാരംഭിക്കുകയും ചെയ്തു. ബഡ്ജററിൽ കാര്യമായ തുക വകയിരുത്തുകയുമുണ്ടായി. നിർഭാഗ്യവശാൽ ജനതാ ഗവൺമെൻറ് മൂന്നുവർഷം തികയ്ക്കാതെ തകർന്നുവീഴുകയും 1980-ൽ പഴയ ഭരണകക്ഷി വീണ്ടും അധികാരത്തിൽ വരികയും ചെയ്തു. പിന്നീട് പ്രധാനമന്ത്രി ഇന്ദിരാഗാന്ധി ഭരിച്ച നാലുവർഷക്കാലത്ത് തന്റെ മന്ത്രിസഭ അംഗീകരിച്ച 1968 ലെ ഒന്നാം ദേശീയ വിദ്യാഭ്യാസനയമോ 1978-ലെ ജനതാ മന്ത്രിസഭയുടെ രണ്ടാം നയപ്രഖ്യാപനമോ മറിച്ചുനോക്കിയതുപോലുമില്ല. പഞ്ചവൽസരപദ്ധതികളിൽ കാലാകാലങ്ങളിൽ എഴുതിപ്പിടിപ്പിച്ച കാര്യങ്ങളും അവഗണിക്കപ്പെട്ടു. പിന്നെയും "പത്തായംപെറു"ന്ന ശൈലിതന്നെ.

ഇപ്പോഴിതാ പുതിയ പ്രധാനമന്ത്രി തനിക്കുലഭിച്ച വമ്പിച്ച ഭൂരിപക്ഷത്തിന്റെ ഊററത്തോടെ ജനവരി 5-ാംതീയതി നടത്തിയ നയപ്രഖ്യാപന പ്രക്ഷേപണത്തിൽ വാഗ്ദാനം ചെയ്യുന്നു. താനൊരു പുതിയ ദേശീയ വിദ്യാഭ്യാസനയം താമസംവിനാ പ്രഖ്യാപിക്കുമെന്ന്. നല്ലതുതന്നെ പക്ഷെ ഒന്ന് ചോദിക്കാതിരിക്കാൻ കഴിവില്ല. പഴയ നയപ്രഖ്യാപനങ്ങൾപോലെ ഏട്ടിലെ പശുവായി ഇതും കിടന്നുപോകുമോ ? പഴയ നയപ്രഖ്യാപനങ്ങൾക്കും അനേകം വിദഗ്ദ്ധ സമിതികളുടെ അന്വേഷണറിപ്പോർട്ടുകൾക്കും പുറമെ ഇപ്പോഴത്തെ പ്രധാനമന്ത്രിയുടെ മുത്തച്ഛൻ പ്രധാനമന്ത്രി മഹാനായ ജവഹർലാൽനെഹ്റു സ്വാതന്ത്ര്യപ്രാപ്തിയുടെ പിററം വർഷം ചെയ്ത ഉഗ്രൻ പ്രഖ്യാപനവും നാം ഓർത്തുപോകുന്നു. സ്വതന്ത്രഭാരതത്തിൽ കേന്ദ്രവിദ്യാഭ്യാസമന്ത്രാലയം വിളിച്ചുകൂട്ടിയ ഒന്നാമത്തെ അഖിലേന്ത്യാ വിദ്യാഭ്യാസസമ്മേളനത്തെ അഭിസംബോധനചെയ്തുകൊണ്ടു് പ്രധാനമന്ത്രി നെഹ്റു 1948-ൽ പ്രഖ്യാപിച്ചു.

"ഇന്ത്യയിലെ വിദ്യാഭ്യാസം ആസൂത്രണം ചെയ്യാനായി സമ്മേളനങ്ങൾ വിളിച്ചുകൂട്ടുമ്പോഴൊക്കെയുള്ള പൊതുപ്രവണത നിലനില്ക്കുന്നവ്യവസ്ഥ നേരിയ ഭേദഗതികളോടെ നിലനിർത്തുക എന്നതായിരുന്നു. അപ്രകാരം ഇനി സംഭവിച്ചുകൂടാ രാജ്യത്തു് വമ്പിച്ച മാററങ്ങൾ ഉണ്ടായിരിക്കുന്നു. അതനുസരിച്ച മാററങ്ങൾ വിദ്യാഭ്യാസരംഗത്തും വരണം വിദ്യാഭ്യാസത്തിന്റെ അടിത്തറതന്നെ വിപ്ലവകരമായി മാററിപ്പണിയേണ്ടിയിരിക്കുന്നു"

മഹാനായ പ്രഥമ പ്രധാനമന്ത്രിയുടെ 17 വർഷത്തെ ഭരണകാലത്തും അദ്ദേഹത്തിന്റെ അനന്തരഗാമി ലാൽബഹദൂർശാസ്ത്രിയുടെ രണ്ടുവർഷക്കാലത്തും അദ്ദേഹത്തിന്റെ മകളുടെ 17 വർഷക്കാലത്തും ഈ വിപ്ലവകരമായ പുതുക്കി പണിയൽ" എത്രമാത്രം നടന്നു എന്നു നാംകണ്ടുകഴിഞ്ഞു. ഇതിൽനിന്നെല്ലാം വ്യത്യസ്തമായ ഒരു പുതിയ കർമ്മന്യതയുടെനവീനാദ്ധ്യായംതുറക്കാൻ പുതിയ പ്രധാനമന്ത്രിക്കു് കഴിയുമോ, മനസ്സുണ്ടാവുമോ ? കണ്ടുതന്നെ അറിയണം.

# III

പക്ഷെ കണ്ടിടത്തോളംവെച്ചു് പറഞ്ഞാൽ പുതിയ പ്രധാനമന്ത്രിയുടെ പോക്കു് ആശാവഹമാണെന്നു് തോന്നുന്നില്ല. ജനവരി 5–ന്റെ പ്രക്ഷേപണിപ്രസംഗത്തിൽ വിദ്യാഭ്യാസത്തിന്റെ പ്രാധാന്യത്തെക്കുറിച്ചും രാഷ്ട്രത്തിന്റെ സാമ്പത്തികോല്പാദന വ്യവസ്ഥയുമായി അതിനുണ്ടായിരിക്കേണ്ട അഭേദ്യബന്ധത്തേയും മററും കുറിച്ചു് ആർക്കും തർക്കമുണ്ടാകാനിടമില്ലാത്ത ചില പൊതുപ്രമാണങ്ങൾ ഉരുക്കഴിച്ചതൊഴിച്ചാൽ മൂന്നു് മൂർത്തമായ നിർദ്ദേശങ്ങളാണു് ഉൾക്കൊള്ളുന്നതു്.

1 സർക്കാർ ജോലിക്കു് സർവ്വകലാശാലാബിരുദം വേണമെന്ന നിബന്ധന ഒഴിവാക്കുക.

2 സകലമാനപേർക്കും ഉന്നത വിദ്യാഭ്യാസത്തിന്റെ ആനുകൂല്യം ലഭിക്കുവാൻ ഒരു "ഓപ്പൻ സർവ്വകലാശാല" സ്ഥാപിക്കുക.

3 ഓരോ ജില്ലയിലും ഉന്നത വിദ്യാഭ്യാസനിലവാരത്തിന്റെ മാതൃകകളായിവർത്തിക്കത്തക്കവണ്ണം ഓരോ സെൻററൽസ്കൂളുകൾ സ്ഥാപിക്കാനായി നിലവിലുള്ള സെൻററൽ സ്കൂൾ സംഘടന വ്യാപിക്കുക.

ജനുവരി 15-ാംതീയതി പുതിയ പാർലമെൻറിന്റെ സംയുക്തസമ്മേളനത്തെ അഭിസംബോധനചെയ്ത് രാഷ്ട്രപതി ചെയ്ത പ്രസംഗത്തിൽ ഇതൊന്നും ഉണ്ടായിരുന്നില്ല. പെൺകുട്ടികൾക്ക് ദ്വിതീയതലം വരെ സൗജന്യവിദ്യാഭ്യാസം ഏർപ്പെടുത്തുന്നകാര്യം മാത്രമെ അതിലുണ്ടായിരുന്നുള്ളു. ഒരു പക്ഷെ രാഷ്ട്രപതിയുടെ പ്രസംഗത്തിൽ ഈ വർഷം ഉടൻ നടപ്പിലാക്കുന്ന കാര്യങ്ങൾ മാത്രമെ പറഞ്ഞിരിക്കാനിടയുള്ളു എന്നും പ്രധാനമന്ത്രി കണ്ടതു് കുറെക്കൂടി നീണ്ടകാലത്തെ പരിപാടിയായിരിക്കാമെന്നും ആശ്വസിക്കുക പ്രധാനമന്ത്രിയുടെ മൂന്നു മൂർത്തനിർദ്ദേശങ്ങൾ നമുക്കു പരിശോധിക്കാം

1 സർക്കാർ ജോലിക്ക് സർവകലാശാലാബിരുദംവേണ്ടെന്നു വെയ്ക്കുക എന്നതു് ദീർഘകാലാടിസ്ഥാനത്തിൽ ഉന്നത വിദ്യാഭ്യാസം മെച്ചപ്പെടുത്തുന്നതിന് ഉപകരിക്കുന്ന ഒരു നയംതന്നെ. എന്നാൽ തൽക്കാലം അതു് പ്രയോജനം ചെയ്യില്ല എന്നല്ല ദ്രോഹം ചെയ്യുകയും ചെയ്യും. ഇന്നുള്ള പതിനായിരക്കണക്കിനു ബിരുദധാരികളെ സർക്കാർ ജോലിക്കുപോലും അനർഹരാക്കുകയായിരിക്കും ഉടൻ സംഭവിക്കുക. ഈ വ്യവസ്ഥ നടപ്പിലായാൽതന്നെ ഇന്നുള്ള ബിരുദധാരികളല്ലാത്ത—എസ്. എസ്. എൽ സി. മാത്രംപാസായ—ലക്ഷക്കണക്കിന് യുവാക്കൾക്ക് തൊഴിൽ നൽകാൻ സർക്കാരിന് കഴിവുണ്ടോ ?

ഇപ്പോൾ ലഭ്യമായ കണക്കുകളിൽ ഏററവും ഒടുവിലത്തേതായ 1973-ലേതനുസരിച്ച് തൊഴിലില്ലാത്ത എസ്. എസ്. എൽ. സി. (മെട്രിക്കുലേററുകൾ) 32·6 ലക്ഷവും ബിരുദധാരികൾ 11.2ലക്ഷവും ബിരുദാനന്തരബിരുദക്കാർ 1.08 ലക്ഷവുമാണ്. ആറുവർഷം പിന്നിട്ടപ്പോഴത്തെ ഈ സംഖ്യകൾ എത്രയോ ഇരട്ടിച്ചിരിക്കും സർക്കാർ ജീവനക്കാർക്കു ബിരുദംവേണ്ട എന്ന "മാന്ത്രികവടി"കൊണ്ടു് ഈ ഭീമാകാരമായ പ്രശ്നത്തെ നേരിടാൻ എങ്ങിനെ കഴിയും,

2 ഇനി ഓപ്പൻ യൂണിവേഴ്സിററിയുടെ കാര്യം (മെട്രിക്കുലേഷൻ പ്രി ഡിഗ്രി മുതലായ പടവുകൾ ചവിട്ടിക്കയറാതെ ബിരുദത്തിനും ബിരുദംകൂടാതെ ബിരുദാനന്തര വിദ്യാഭ്യാസത്തിനും സൗകര്യം നൽകുന്ന സംവിധാനമാണ് ഓപ്പൻ യൂണിവേഴ്സിററി. വയഃക്ലിപ്തിയും നിർബന്ധമല്ല. ബ്രിട്ടനിലെ ഓപ്പൻ യൂണിവേഴ്സിററിയാണിതിൻെറ വിജയകരമായ മാതൃക മിക്കവാറും ഒരേ സംസ്കാരവും ഒരേ ഭാഷയും ഉള്ള ഒരു കൊച്ചു ഒതുങ്ങിയ രാഷ്ട്രത്തിൽ വിജയകരമായ പരീക്ഷണം പല കാരണങ്ങളാലും വിവിധ ഭാഷ സംസ്കാരങ്ങൾ ഉള്ള ഈ വലിയ രാജ്യത്തിൽ വിജയിക്കുന്നതെങ്ങനെ? ഏററവും പ്രധാനപ്പെട്ട പ്രതിബന്ധം ഭാഷയാണ്. ബ്രിട്ടനിലെ ഉന്നത വിദ്യാഭ്യാസം അവരുടെ മാതൃഭാഷയിലാണ്. മററു ഭാഷകൾ വശമില്ലാത്ത സാധാരണക്കാർക്ക് വാസനയും വായനയും ഉണ്ടെങ്കിൽ അവിടെ ഓപ്പൻ സർവകലാശാലയിലെ ഏതു ശ്രേണിയിലും കയറിപ്പററാം. ഇവിടെയോ? സർവകലാശാലയിൽ മാതൃഭാഷ മാധ്യമമാക്കിയാൽ സർവകലാശാല ഒന്നല്ല 15 എങ്കിലും വേണ്ടിവരും അതുകൊണ്ടും രാജീവ്ഗാന്ധിയുടെ പ്രസംഗത്തിൽ സൂചനയില്ല. നിലവിലുള്ള സർവകലാശാലാ വിദ്യാഭ്യാസമാകെ അധഃസ്ഥിതർക്കും നിസ്വർക്കും പ്രയോജനം ലഭിക്കുമാറ് ഉടച്ചുവാർക്കുക എന്ന അടിയന്തിരകർത്തവ്യത്തിൽനിന്നൊഴിഞ്ഞുമാറാനുള്ള ഈ സൂത്രവിദ്യ ഫലപ്രദമാവില്ല.

ഇവ രണ്ടിനേയുംകാൾ അപകടകാരിയാണ് മൂന്നാമത്തെ സെൻററൽസ്കൂൾ വ്യാപനപരി. ഭരണഘടനയിലെ 45-ാം വകുപ്പിലെ നിർദ്ദേശ പ്രകാരം പ്രാഥമികവിദ്യാഭ്യാസം ഒരു സമയബന്ധിത പരിപാടിയനുസരിച്ച് സാർവത്രികവും നിർബന്ധിതവും ആക്കുക എന്ന അടിയന്തിര കർത്തവ്യം കുററകരമായി ഇനിയും നീട്ടിക്കൊണ്ടു പോകുക എന്നതാണ് ഇതിൻെറ ഒരു ലക്ഷ്യം. മറെറാരു ലക്ഷ്യമാകട്ടെ ഇന്ന് നിലവിലുള്ള പബ്ളിക്ക് സ്ക്കൂൾ, അംഗീകൃത ഇംഗ്ലീഷ് മാധ്യമ സ്വകാര്യ വിദ്യാലയം, കോൺവെൻറ് വിദ്യാലയങ്ങൾ മുതലായവയ്ക്കു മാന്യതനൽകി. ഭൂരിപക്ഷം ദരിദ്ര വിദ്യാർത്ഥികൾ പഠിക്കുന്ന സാധാരണ വിദ്യാലയങ്ങളെ ചവുട്ടി താഴ്ത്തി വീണ്ടും വരേണ്യ സ്ഥാപനങ്ങൾക്ക് മുൻഗണന കൊടുക്കുക എന്നതാണതിൻെറ പരിണതഫലം. കൂടാതെ സ്ക്കൂൾ വിദ്യാഭ്യാസതലത്തിൽ ഇന്ന് നിലവിലുള്ള സംസ്ഥാനാധികാര കർത്തവ്യങ്ങൾ അപഹരിക്കപ്പെടുകയും ഈ പരിപാടിയുടെ മറെറാരു പരിണതഫലമായിരിക്കും. രാഷ്ട്രപതിയുടെ പ്രസംഗത്തിനുള്ള നന്ദി പ്രമേയചർച്ചർ

യ്യുക" മറുപടിപറയുന്ന സന്ദർഭത്തിൽ ജനവരി 24-ാം തീയതി പ്രധാനമന്ത്രി ഇക്കാര്യത്തിലെ ഉള്ളിലിരുപ്പ് ഒന്നുകൂടി വ്യക്തമാക്കുകയും ചെയ്തു. സ്കൂൾ തലത്തിലുള്ള പാഠ്യപദ്ധതി ദേശീതലത്തിൽ ഏകീകരിക്കുമെന്നും അത്തരം പ്രധാനപ്രശ്നങ്ങൾ "ചില പാർട്ടി"കളുടെ വരുതിക്കുവിടാനാവില്ലഎന്നുമുള്ള അദ്ദേഹത്തിന്റെ പ്രസ്താവന നിർഭാഗ്യകരംതന്നെ "ചില പാർട്ടികളല്ല" സംസ്ഥാനതലത്തിൽ പാഠ്യപദ്ധതി തയ്യാറാക്കുന്നതെന്നും നിയമാനുസൃതം തെരഞ്ഞെടുക്കപ്പെട്ട സർക്കാരുകൾ ജനഹിതംമാനിച്ചാണവ ചെയ്യുന്നതെന്നും തന്റേതും ഒരു പാർട്ടിമന്ത്രിസഭതന്നെയാണെന്നും മററുമുള്ള വസ്തുത പ്രധാനമന്ത്രി മറന്നുപോയതുപോലെ തോന്നുന്നു.

# IV

ഒരു ഓപ്പൺ സർവകലാശാലാസ്ഥാപനം എന്ന ഒററമൂലികൊണ്ട് പരിഹരിക്കാൻ കഴിയുന്നതല്ല ഇന്ത്യൻ ഉന്നത വിദ്യാഭ്യാസമേഖലയെ ഗ്രസിച്ചിരിക്കുന്ന മാരകരോഗങ്ങൾ എന്ന് മനസ്സിലാക്കാൻ സ്വന്തം നിരീക്ഷണങ്ങൾകൊണ്ട് കഴിവില്ലാത്തവർക്ക് കേന്ദ്രസർക്കാരിന്റെ ആഭിമുഖ്യത്തിൽ തയ്യാറാക്കിയ എത്രയോ വിദഗ്ധ റിപ്പോർട്ടുകളുണ്ട്. അവയിൽ ചിലതിനെപ്പററി നേരത്തെ പരാമർശിച്ചു. ഈ പരമ്പരയിൽ ഏററവും ഒടുവിലത്തേത് 1984 അവസാനം പുറത്തുവന്ന ഉന്നത വിദ്യാഭ്യാസതലത്തിലെ അദ്ധ്യാപകരെക്കുറിച്ചുള്ള ദേശീയ കമ്മീഷന്റെ റിപ്പോർട്ടാണ്. ന്യൂഡൽഹി ആസ്ഥാനമായി പ്രവർത്തിക്കുന്ന സർക്കാർ സ്വയംഭരണസ്ഥാപനമായ "നാഷണൽ ഇൻസ്റ്റിട്യൂട്ട് ഓഫ് എഡ്യുക്കേഷനൽ പ്ലാനിങ്ങ് ആൻറ് അഡ്മിനിസ്ട്രേഷന്റെ" ആഭിമുഖ്യത്തിൽ പ്രവർത്തിച്ച ദേശീയ കമ്മീഷൻ തയ്യാറാക്കിയ ഒരു ഡസൻ റിപ്പോർട്ടുകളിൽ ആദ്യത്തേത് ഇന്ത്യൻ ഉന്നത വിദ്യാഭ്യാസ മേഖലയുടെ ഇന്നത്തെ സ്ഥിതിയെക്കുറിച്ചൊരു സർവെയാണ്. ഇന്നത്തെ അതിന്റെ അവസ്ഥയെക്കുറിച്ച് നിശിതമായ വിമർശനമാണ് സർവെ നടത്തുന്നത്. നേരത്തെ നാം ചർച്ചചെയ്ത വിദ്യാഭ്യാസത്തിന്റെ വമ്പിച്ച വളർച്ചയെ അംഗീകരിച്ചുകൊണ്ട് ഇന്നത്തെ ഉന്നതവിദ്യാഭ്യാസത്തെ വിഷയാടിസ്ഥാനത്തിലും (ഫാക്കൽടിവൈസ്) വിദ്യാഭ്യാസ തലാടിസ്ഥാനത്തിലും (സ്റ്റേജ് വൈസ്) സർവെ അപഗ്രഥിക്കുന്നു. എന്നിട്ടവർ എത്തിച്ചേരു

ന്നനിഗമനം മൂന്നരപതിററാണ്ടുകാലത്തെ സ്വാതന്ത്ര്യകാലത്തിലെ ആസൂത്രിതവികസനംകൊണ്ട് പഴയ കൊളോണിയൻ വിദ്യാഭ്യാസത്തിൻെറ മൗലികസ്വഭാവം മാററാൻ നമുക്ക് കഴിഞ്ഞിട്ടില്ലെന്നാണ്.

എന്താണ് ഈ കൊളോണിയൻ വിദ്യാഭ്യാസവ്യവസ്ഥയുടെ സവിശേഷതകൾ? കൊളോണിയൻ അധികൃതർക്ക് ഏററവും കൂടുതൽ ആവശ്യം ഭരണാംഗത്തെ കീഴെക്കിട ജീവനക്കാരെയാണ്. അതിനായി ഇംഗ്ലീഷ് മാധ്യമമുപയോഗിച്ച് "പൊതുവിദ്യാഭ്യാസ"മെന്നപേരിൽ അറിയപ്പെടുന്ന അദ്ധ്യയനമാണ് വിദ്യാഭ്യാസവ്യവസ്ഥയുടെ സിംഹഭാഗവും. വ്യവസായവൽകരണവും സമ്പദ്‌വ്യവസ്ഥയെ ആധുനികവൽക്കരിക്കലും ഭരണത്തിൻെറയോ വ്യവസായങ്ങളുടെയോ ഉന്നത സ്ഥാനങ്ങൾ ഇന്ത്യക്കാർക്ക് നൽകലോ ഒന്നും അവരുടെ ലക്ഷ്യമല്ലാത്തതിനാൽ ശാസ്ത്രസാങ്കേതിക വിദ്യാഭ്യാസവും ബിരുദാനന്തര-ഗവേഷണതലാഭ്യസനങ്ങളും അവർ അടിമരാഷ്ട്രങ്ങളിൽ പ്രോൽസാഹിപ്പിക്കുകയില്ല. അത്യാവശ്യം കുറെ കീഴെക്കിട എഞ്ചിനിയർമാരും, ഡോക്ടർമാരും ആവശ്യമാകയാൽ ചുരുങ്ങിയ തോതിൽ അവയും അല്ലാല്ലം ഉണ്ടാകുമെന്നുമാത്രം സ്വാതന്ത്ര്യപ്രാപ്തിയുടെ വർഷമായ 1947-48-ൽ ഇന്ത്യയിലെ ഉന്നത വിദ്യാഭ്യാസമേഖലയിലുണ്ടായിരുന്ന 1,06,043 വിദ്യാർത്ഥി-വിദ്യാർത്ഥിനികളുടെ വിഷയാധിഷ്ഠിത വിശകലനം ഈ സ്വഭാവം വ്യക്തമാക്കാൻ പര്യാപ്തമാണ്. പട്ടിക IV നോക്കുക.

## പട്ടിക IV

1947-48-ലെ വിഷയാധിഷ്ഠാനമായ ഉന്നത വിദ്യാഭ്യാസപ്രവേശം

| വിഷയം | വിദ്യാർത്ഥികൾ | ശതമാനം |
|---|---|---|
| പൊതുവിദ്യാഭ്യാസം | 60 614 | 57.16 |
| നിയമം | 7,576 | 7.14 |
| മെഡിസിൻ | 8,850 | 8.35 |
| എഞ്ചിനിയർ | 6,437 | 6 07 |
| അദ്ധ്യാപനം | 3,087 | 2.91 |
| കൃഷി | 3,759 | 3.54 |
| മൃഗചികിൽസ | 806 | 0.76 |
| കോമേഴ്സ് | 14,658 | 13.82 |
| വനസംരക്ഷണം | 256 | 0.24 |
| ആകെ | 1,06,043 | 100 00 |

ഇതിന് പുറമെ മററു ചില വിശേഷങ്ങളും കൊളോണിയൻ വ്യവസ്ഥയിൽ കാണാം. സർവ്വകലാശാലകളെല്ലാം ചില പ്രമുഖ തുറമുഖപട്ടണങ്ങളിലും മററു കോളേജുകളും, സ്കൂളുകളും ചില വൻ നഗരങ്ങളിലും കേന്ദ്രീകരിച്ചിരിക്കും. സർവെ ഈ സ്വഭാവത്തെ 'അർബനൈസേഷൻ' എന്നു നാമകരണം ചെയ്യുന്നു. അതിൻെറ ഫലമായി വിദ്യാഭ്യാസം എത്തിച്ചേരാത്ത വിശാലമായ മേഖലകൾ അവശേഷിക്കുന്നു. അവരുടെ ഭരണയന്ത്രവും വ്യാവസായിക വ്യാപാരസ്ഥാപനങ്ങളും നടത്തിക്കൊണ്ടുപോകാൻ സാഹസികമായ വിദ്യാഭ്യാസമൊന്നും ആവശ്യമില്ലല്ലോ. പ്രാദേശികതലത്തിൽ അനുഭവപ്പെടുന്ന ഈ വ്യാപകമായ അസന്തുലിതത്തിനും അവസരനിഷേധത്തിനും പുറമേ സമൂഹത്തിൽ ലംബമാനമായ അസമത്വവും അവസരനിഷേധവുംകൂടി അനുഭവപ്പെടും. ദരിദ്രർക്കും അധഃകൃതജാതിക്കാർക്കും എതിരെ ധനികർക്കും മേൽജാതിക്കാർക്കും ഗ്രാമീണർക്കെതിരെ നാഗരികതർക്കും, സ്ത്രീകൾക്കെതിരെ പുരുഷന്മാർക്കും വിദ്യാഭ്യാസത്തിൽ മുൻതൂക്കം നൽകലാണ് ലംബമാനമായ അസമത്വം. ഈ അസമത്വം നടപ്പിലാവുക കീഴ്ജാതിക്കാർക്കും മററും 'വിദ്യാഭ്യാസനിയമപ്രകാരം നിഷേധിക്കുക എന്ന പഴയ വർണ്ണാശ്രമവ്യവസ്ഥയിലൂടെയല്ല - ഫലത്തിൽ അങ്ങിനെ വരത്തക്കവിധം സംവിധാനമൊരുക്കിയാണ്. അതേസമയം ചുരുക്കം ചില കീഴ്ജാതി വ്യക്തികൾക്കോ സ്ത്രീകൾക്കൊററപ്പെട്ട് വിദ്യാഭ്യാസ വ്യവസ്ഥയിലേയ്ക്ക് കടന്നുവരാൻ കഴിഞ്ഞെന്നിരിക്കും. തിരുവിതാംകൂർ, കൊച്ചി മുതലായ നാട്ടുരാജ്യങ്ങളിൽ നിലനിന്നപ്രകാരം പരസ്യമായ വിദ്യാഭ്യാസനിഷേധം കൂടാതെതന്നെ കൊളോണിയൻ അധികൃതർ ആ ലക്ഷ്യം സാധിച്ചുവന്നു. ഇന്ത്യയുടെ റിപ്പബ്ളിക്കൽ ഭരണഘടന നിലവിൽവരികയും അയിത്തം മുതലായ അനാചാരങ്ങൾ നിയമപരമായി നിർമ്മാർജ്ജനം ചെയ്യുകയും കീഴ്ജാതിക്കാർക്കു പ്രത്യേക സൗജന്യങ്ങളും പ്രോൽസാഹനങ്ങളും നൽകുകയും മററും ചെയ്തെങ്കിലും ഫലത്തിൽ വിദ്യാഭ്യാസത്തിൽ അവരിപ്പോഴും പിന്നോക്കം നിൽക്കുന്നതിൻെറ കണക്കുകൾ പട്ടിക III-ൽ നാം കണ്ടതാണല്ലോ. അപ്പോൾ അയിത്തം നിയമപരമായിട്ടെങ്കിലും നിരോധിക്കാൻ തയ്യാറാവാത്ത കൊളോണിയൻ കാലത്തെ അവസ്ഥ ഊഹിക്കാമല്ലോ.

സ്വാതന്ത്ര്യാനന്തര ഭാരതത്തിൽ ഈ വഴിക്കുതന്നെയോ വിദ്യാഭ്യാസപുരോഗതി എന്നാണിനി പരിശോധിക്കേണ്ടത്. സ്വതന്ത്രഭാരതത്തിൽ കോളേജുകളുടേയും സർവകലാശാലകളുടേയും വമ്പിച്ച വർദ്ധന നാം

കണ്ടുകഴിഞ്ഞു. അതിന്റെ ഫലമായി 1947–48-ൽ സർവ്വകലാശാലവിദ്യാർത്ഥികൾ 1,06,043 ആയിരുന്നതു് 1982–83 ആയപ്പോഴേയ്ക്കും 3,137,000 ആയി ഉയർന്നു ഈ ഉയർച്ചയുടെ ക്രമേണയുള്ള തോതു് പട്ടിക V-ൽ കാണുക.

## പട്ടിക V

ഉപരി വിദ്യാഭ്യാസത്തിൽ വിദ്യാർത്ഥി വർദ്ധനവ്.

| വർഷം | | | | വാർഷിക വർദ്ധന |
|---|---|---|---|---|
| 1950-51 | മു: | 1955-56 | വ: | 11.2% |
| 1955-56 | മു: | 1960-61 | വ: | 13.5% |
| 1960-61 | മു: | 1965-66 | വ: | 14.0% |
| 1965-66 | മു: | 1970-71 | വ: | 12.8% |
| 1970-71 | മു: | 1975-76 | വ: | 4.4% |
| 1975-76 | മു | 1981-82 | വ: | 3.9% |

വർദ്ധനവിന്റെ ശതമാനത്തോതിലെ കേറ്റിറക്കങ്ങൾ ശ്രദ്ധിക്കുക. സ്വാതന്ത്ര്യപ്രാപ്തിക്കുശേഷം അല്പം നൈപരംകാട്ടി ഭരണഘടന അംഗീകരിച്ച ദശകത്തിന്റെ ആദ്യപകുതിയിൽ 11.2 ശതമാനവും പിന്നത്തെ പകുതിയിൽ 13.5 ശതമാനവും ആയി ഉയർന്ന വിദ്യാർത്ഥിപ്രവേശനം 1960-കളുടെ ആദ്യപകുതിയിൽ 14.0 ശതമാനമായി ഉയരുന്നു പിന്നീടു് വീഴ്ചയാണു്. 1960-കളുടെ ആദ്യപകുതിയിൽ 14.0 ശതമാനത്തിൽനിന്നു് 12.8 ശതമാനത്തിലേയ്ക്കുതന്നെ കുറഞ്ഞ വിദ്യാർത്ഥിവർദ്ധനവോടെ 1970 കളിൽ 4.4-ഉം 3.9-ഉം ശതമാനമായി കുത്തനെ അധഃപതിക്കുന്നു 10+2+3 പദ്ധതി ചില സ്ഥലങ്ങളിൽ അംഗീകരിച്ചതുകൊണ്ടു് പ്രീഡിഗ്രിക്കാർ സർവ്വകലാശാലാങ്കണത്തിൽനിന്നു് ഹയർ സെക്കൻഡറിസ്കൂളുകൾ കണക്കിൽപ്പെട്ടതും സാധാരണ സർവ്വകലാശാലകളിൽനിന്നു് വ്യത്യസ്തമായ ഗവേഷണാലയങ്ങളിലേയ്ക്കു് കുറേപ്പേർ വക മാറിപ്പോയതു് കണക്കാക്കിയാലും 1970-കളിലെ ഈ കുത്തനെയുള്ള വീഴ്ചക്കു് സമാധാനമാകുന്നില്ല ഇന്ത്യൻ ഉപരിവിദ്യാഭ്യാസരംഗത്തു് മാവിപ്പോ, പ്രതിസന്ധിയോ വന്നുകൂടിയിരിക്കുന്നുവെന്നതിൽ തർക്കത്തിനവകാശമില്ല.

എന്നാൽ ഈ പ്രതിസന്ധിയെക്കാൾ നമ്മെ അസ്വാസ്ഥ്യപ്പെടുത്തുന്നതു് 1950-കളിലെ വികാസത്തിന്റെ പൊള്ളത്തരമാണു്. അതു് വെറും കൊളോണിയൻ വികാസത്തിന്റെ തുടർച്ചമാത്രമായിരുന്നുവെന്നു്

# പട്ടിക VI

ബിരുദാനന്തര വിദ്യാർത്ഥികളുടെ വിഷയം തിരിച്ച ശതമാനം

| വർഷം | ആർട്ട്സ് | സയൻസ് | കോമേഴ്സ് | എഞ്ചിനിയറിംഗ് സാങ്കേതികം | മെഡിസിൻ | അദ്ധ്യാപനം | കൃഷി | നിയമം | മൃഗചികിത്സ | മററുള്ളവ | മൊത്തം |
|---|---|---|---|---|---|---|---|---|---|---|---|
| 1960—61 | 44.9 | 30.0 | 10.2 | 3.6 | 2.7 | 1.5 | 1.3 | 2.3 | 0.5 | 3.0 | 100 |
| 1964—65 | 42.1 | 31.3 | 9.7 | 5.2 | 4.0 | 1.9 | 2.9 | 2.1 | 0.4 | 0.5 | 100 |
| 1969—70 | 43.7 | 32.8 | 10.6 | 3.5 | 3.5 | 1.8 | 1.5 | 2.0 | 0.2 | 0.4 | 100 |
| 1974—75 | 44.6 | 19.6 | 16.5 | 3.8 | 4.5 | 3.3 | 1.2 | 5.7 | 0.3 | 0.5 | 100 |
| 1979—80 | 40.6 | 19.2 | 19.5 | 4.5 | 4.2 | 2.8 | 1.5 | 6.7 | 0.3 | 0.7 | 100 |
| 1980—81 | 40.5 | 19.4 | 20.1 | 4.7 | 4.0 | 2.6 | 1.4 | 6.3 | 0.3 | 0.7 | 100 |
| 1981—82 | 40.3 | 19.6 | 21.3 | 4.4 | 3.9 | 2.4 | 1.3 | 5.9 | 0.3 | 0.6 | 100 |

# പട്ടിക VII

ഉന്നത വിദ്യാഭ്യാസത്തിലെ വിദ്യാർത്ഥികളുടെ ഘട്ടാധിഷ്ഠിത വിശകലനം

| വർഷം | അണ്ടർ ഗ്രാഡ്വേറ്റ് എണ്ണം | ശ: മ: | പോസ്റ്റ് ഗ്രാഡ്വേറ്റ് എണ്ണം | ശ: മ: | ഗവേഷണം എണ്ണം | ശ: മ: | മൊത്തം എണ്ണം | ശ: മ: |
|---|---|---|---|---|---|---|---|---|
| 1950—51 | 1,45,389 | 83.7 | 19,992 | 11.5 | 1434 | 0.83 | 1,73,696 | 100 |
| 1960—61 | 4,71,658 | 84.7 | 58,908 | 10.6 | 5,083 | 0.91 | 556,559 | 100 |
| 1970—71 | 1,746,090 | 89.4 | 161,182 | 8.2 | 43,311 | 0.68 | 1,953,640 | 100 |
| 1980-81 | 2,401,458 | 87.2 | 273,337 | 9.9 | 32,171 | 1.2 | 2,752,437 | 100 |
| 1981-82 | 2,588,759 | 87.7 | 285,892 | 9.7 | 34.588 | 1.2 | 2,952,066 | 100 |

വിദ്യാർത്ഥികളുടെ വിഷയം തിരിച്ച് പട്ടിക VI-ൽ ചേർത്തിരിക്കുന്നതിൽനിന്ന് വ്യക്തമാകും. പട്ടിക V-ൽ ചേർത്തിരിക്കുന്ന 1947–48ലെ കണക്കുമായി അത് താരതമ്യപ്പെടുത്തുക. 1950-കളിൽ 12.4 ശതമാനത്തിന്റെ (11.2+13.5÷2) വർദ്ധനവ് വിദ്യാർത്ഥികളിൽ ഉണ്ടായിട്ടും വിഷയാധിഷ്ഠിത മാതൃക കൊളോണിയൻ യുഗത്തിന്റേതന്നെ. കൊളോണിയൻ വർഷത്തിൽ ആർട്ട്സും സയൻസും ചേർന്ന പൊതുവിദ്യാഭ്യാസം 57.16 ശതമാനമായിരുന്നുവെങ്കിൽ 1960–61-ൽ അത് 74.9 (44.9+30.0) ശതമാനമായി ഉയർന്നു. അതേസമയം ഇഞ്ചിനീയറിംഗിൽ സാങ്കേതികവിദ്യ 6.07 ശതമാനത്തിൽ നിന്ന് 3.6 ശതമാനത്തിലേയ്ക്കും മെഡിസിൻ 8.35 ശതമാനത്തിൽനിന്ന് 2.7 ശതമാനത്തിലേയ്ക്കും ഇടിഞ്ഞുതാണു. മൃഗചികിത്സ, കൃഷി, എന്നിവയിലൊരുശതമാനം കുറവാണ് റിപ്പബ്ളിക്കൻഭരണഘടന അംഗീകരിച്ച് മൂന്ന് നൂറ്റാണ്ടുകഴിഞ്ഞ 1981–82 ലെ വിഷയാധിഷ്ഠിത വിശകലനവും ഒട്ടും സന്തോഷകരമല്ല. മെഡിസിന് 1960–61 ലേക്കാൾ നേരിയ വർദ്ധനവുണ്ടായിട്ടും (2.7–3.9) പഴയ കൊളോണിയൻ ശതമാനത്തിന്റെ പകുതിയിൽ കുറവാണ്. എഞ്ചിനീയറിംഗ് ശതമാനവും കുറവുതന്നെ.

കൊളോണിയൻ സ്വഭാവം വ്യക്തമാക്കുന്ന മറ്റൊരു വിശകലനമാണ് ഘട്ടാധിഷ്ഠിത വിദ്യാർത്ഥിപ്രവേശനപരിശോധന. പട്ടിക VII നോക്കുക. 1951–52-ൽ അണ്ടർഗ്രാജുവേറ്റ് വിദ്യാർത്ഥികൾ 83.7 ശതമാനമായിരുന്നത് 87.7 ശതമാനമായി വർദ്ധിച്ചപ്പോൾ പോസ്റ്റ് ഗ്രാഡുവേറ്റ് വിദ്യാർത്ഥികളുടെ ശതമാനം 11.5-ൽനിന്ന് 9.7 ആയികുറഞ്ഞു. ഗവേഷണ വിദ്യാർത്ഥികളുടെ ശതമാനമാകട്ടെ 30 വർഷംകൊണ്ട് 0.83%-ൽനിന്ന് ദയനീയമായ 1.2 ശതമാനത്തിലേയ്ക്കാണ് ഉയർന്നത്. അങ്ങിനെ നമ്മുടെ സർവകലാശാലകൾ കൊളോണിയൻ മാതൃകയിൽ വെറും "അണ്ടർഗ്രാഡുവേറ്റ് ഫാക്ടറികളായി തരംതാണിരിക്കുന്നു. രാഷ്ട്രത്തിന്റെ വൈജ്ഞാനിക പുരോഗതിയുടെ മാനദണ്ഡമാർന്ന ഗവേഷണതലത്തിലെ വികാസം. ഇന്ന് നിലവിലുള്ള അറിവിന്റെയും ഇനി അറിയാനുള്ളവയുടേയും അതിർത്തിരേഖകളിൽ ഠർത്തിച്ച്. അറിവിന്റെ പരിധി ക്രമപ്രവൃദ്ധമായി വികസിപ്പിക്കുന്ന സ്ഥാപനങ്ങൾക്കേ സർവകലാശാല എന്ന പേർ അനുയോജ്യമാകുമെങ്കിൽ നമ്മുടേത് സർവകലാശാലകളാണോ എന്ന് സംശയിക്കേണ്ടിയിരി

ക്കുന്നു എന്നർത്ഥം. വ്യാവസായിക സാങ്കേതികരംഗത്ത് സ്വാശ്രയത്വം നേടാൻ പിന്നെ നമുക്കെങ്ങനെ കഴിയും. വിദേശികളെ ആശ്രയിച്ചേ നിത്യനിദാനം കഴിക്കാൻപോലും കഴിയൂ എന്നതാണ് ഉന്നതവിദ്യാഭ്യാസരംഗത്തെ അവസ്ഥ.

അദ്ധ്യാപക കമ്മീഷൻെറ സർവെ നിരാശാഭരിതമായ ഭാഷയിൽ വിമർശിക്കുകയാണ്. "വിദ്യാർത്ഥികളുടെ ഫലട്ടാധിഷ്ഠിതവും, വിഷയാധിഷ്ഠിതവുമായ വിശകലനം ഇന്ത്യൻ ഉന്നതവിദ്യാഭ്യാസത്തിൻെറ കളിമൺ കാലുകൾ (അക്കില്ലസ്ഹീൽ) നിശിതമായി വ്യക്തമാക്കുന്നു. അത് വളർന്ന് വികസിച്ച് ഒരു ദിനോസറെ (ദുർമേദസ്സും മസ്തിഷ്കശുഷ്കതയുംമൂലം ലക്ഷോപലക്ഷം വർഷംമുമ്പ് അന്യംനിന്നുപോയ ഒരു വികൃത ജന്തു) പോലെയായിരിക്കുന്നു—ഭീമാകാരമായ ശരീരവും, നീണ്ട വാലും അത്യന്തം ചെറുതായ തലയും (ഖണ്ഡിക 2.3)

# V

ഇന്ത്യൻ ഉന്നതവിദ്യാഭ്യാസമേഖലയെ മാരകമായി ബാധിച്ചിരിക്കുന്ന ദുർമേദസ്സ് കേരളത്തിലെ വ്യവസ്ഥക്ക് കുറെക്കൂടി ആപൽക്കരമായതോതിൽ ബാധകമാണ്. ബിരുദാനന്തരപഠന–ഗവേഷണ തലത്തിൽ ഇന്ത്യയിലെ ഏററവും താഴ്ന്നപടിയിൽകിടക്കുന്ന സംസ്ഥാനങ്ങളിലൊന്ന് കേരളം എന്നാണ് അദ്ധ്യാപകകമ്മീഷൻ ശേഖരിച്ച കണക്കുകൾ കാണിക്കുന്നത്. ബിരുദാനന്തരഗവേഷണ തലത്തിലെ നിലവാരം നിർണ്ണയിക്കുവാൻ കമ്മീഷൻ ഇന്ത്യയിലെ 77 നാഷനൽ സാമ്പിൾ സർവ്വെ (എൻ എസ് എസ്) മേഖലകളെ മൂന്നായിതരം തിരിച്ചു. മൊത്തം സർവകലാശാലാ വിദ്യാർത്ഥികളിൽ 10 ശതമാനത്തിൽതാഴെ ബിരുദാനന്തരഗവേഷണംനടത്തുന്ന മേഖലകൾ, 10–നും 15–നും ഇടയ്ക്കുള്ള മേഖലകൾ, 15 ന് മേലെയുള്ള മേഖലകൾ, അതിൽ കേരളം 10–ൽതാഴെ ശതമാനത്തിൻെറ മേഖലയിലാണ്. തമിഴ്നാടും മഹാരാഷ്ട്രവും ഉത്തർപ്രദേശവും മററും പോലും ഇക്കാര്യത്തിൽ കേരളത്തേക്കാൾ മേലെയാണെന്നു പറയുമ്പോൾ കേരളത്തിൻെറ പ്രകീർത്തതമായ വിദ്യാഭ്യാസ പ്രശസ്തിയുടെ കളിമൺ കാലുകൾ തെളിഞ്ഞുകാണുന്നു

കേരളത്തിലെ സാങ്കേതിക–പ്രൊഫഷണൽ വിദ്യാഭ്യാസ മേഖല അനാരോഗ്യകരവും വരേണ്യപക്ഷപാതം പ്രകടിപ്പിക്കുന്നതുമായ വികൃതവികാസത്തിൻെറ പാതയിലാണ്. ഉദാഹരണത്തിന് കേരളത്തിലെ

മെഡിക്കൽ വിദ്യാഭ്യാസവികാസത്തിന്റെ അനാശാസ്യവശങ്ങളെക്കുറിച്ച് കേരള ശാസ്ത്രസാഹിത്യപരിഷത്ത് തയ്യാറാക്കിയ ചിന്തോദ്ദീപകമായ വിദ്യാഭ്യാസരേഖയിൽ (1982) പറയുന്നത് കേൾക്കുക:

"... ... ആരോഗ്യസേവനത്തിനാണല്ലോ ഡോക്ടർമാരെ ഉണ്ടാക്കുന്നത്. ആരോഗ്യസേവനത്തിന് ആളുകൾ മാത്രം പോരാ. ആശുപത്രി, മരുന്ന് മുതലായവയും വേണം. ആളുകൾതന്നെ ഡോക്ടർമാർ മാത്രം പോരാ, ഹെൽത്ത് വിസിറ്റർമാർ, നേഴ്സുമാർ, കമ്പൗണ്ടർമാർ, ടെക്നീഷ്യൻമാർ തുടങ്ങിയ ഒട്ടേറെ സഹായപ്രവർത്തകരും വേണം. അവരില്ലെങ്കിൽ ഡോക്ടർമാർക്ക് മരുന്നുകമ്പനിക്കാരുടെ ഏജൻസിപ്പണി ചെയ്യാൻമാത്രമേ കഴിയൂ. (ഇന്നവർ ചെയ്യുന്നതും അതാണ് താനും) കേരളത്തിൽ ഏതാണ്ട് 9000 ഡോക്ടർമാരുണ്ട്. അതായത് ജനസംഖ്യയിൽ 3000 പേർക്ക് അഥവാ 600 കുടുംബങ്ങൾക്ക് ഒരു എം ബി ബി എസ് (മിനിമം 1) ഡോക്ടർ എന്ന തോതിൽ ഇത് ആവശ്യത്തിന് കുറെയൊക്കെ മതിയാവും. ഇതിനു പുറമെയാണ് ആയുർവേദ വൈദ്യന്മാരും രജിസ്റ്റേർഡ് പ്രാക്ടീഷണർമാരും. ജനസംഖ്യ പ്രതിവർഷം ഏതാണ്ട് 5 ലക്ഷം വീതം കൂടുന്നു. ഓരോവർഷവും സംസ്ഥാനത്തെ നാലു മെഡിക്കൽകോളേജുകളിൽനിന്നാ പുരങ്ങിയത് 400 ഡോക്ടർമാരെങ്കിലും പുറത്തിറങ്ങുന്നുണ്ട്. അതായത് പുതിയതായി 800–1000 കുട്ടികൾ ജനിക്കുമ്പോൾ അവർക്കൊരു ഡോക്ടർകൂടിയുണ്ടാകുന്നു. ഇത് ആവശ്യത്തിലധികമാണ് അങ്ങിനെ ഇവിടെ ഉപജീവനമാർഗം നേടാൻ കഴിയാത്ത ഡോക്ടർമാർ കേരളത്തിന് വെളിയിൽ പോകുന്നു. അതായത് നാം ഡോക്ടറെ ഉണ്ടാക്കുന്നത് നമ്മുടെ സംസ്ഥാനത്തെ ജനങ്ങളുടെ ആരോഗ്യപരിപാലനത്തിനല്ല, പിന്നെയോ പുറംനാട്ടുകാർക്കുവേണ്ടിയാണ്. മാത്രമല്ല, മെഡിക്കൽ കോളേജുകളിൽ പ്രവേശനം ലഭിക്കുന്ന ഭാഗ്യവാന്മാരുടെ—പ്രബലരായ മാതാപിതാക്കളുടെ— അഭിമാനസ്ഥാനങ്ങൾക്കു വേണ്ടിയാണ് (ഇതിന് അപവാദങ്ങൾ ഇല്ലെന്നില്ല; അവ പൊതുനിയമങ്ങളെ സാധൂകരിക്കുന്നവ മാത്രമാണ്) ഒരു ഡോക്ടർക്ക് സഹായത്തിന് കുറഞ്ഞത് മൂന്നു നാലുപേരെങ്കിലും വേണം—അതായത് പാരാമെ

ഡിക്കൽസ്റ്റാഫായി 40000 പേർവേണം. പ്രതിവർഷം 1500—
2000 പേർ പരിശീലിപ്പിക്കപ്പെടുകയും വേണം. ഇതിന്റെ നാലി
ലൊന്നുപോലുമില്ലിന്ന്. പുതിയ നഴ്സിംഗ് സ്കൂളുകൾ വേണമെ
ന്ന് ഭാവി ഡോക്ടർമാരുടെ അച്ഛനമ്മമാർ മുറവിളികൂട്ടുകയില്ല.
അവർക്ക് മെഡിക്കൽ കോളേജ് വേണ്ടു. അവരെ കഥയറിയാതെ
പിന്താങ്ങുന്ന ജനസമൂഹം"

ആരോഗ്യവികാസത്തിന്റെ ഈ ഉദാഹരണം എഞ്ചിനീയറിംഗ്
തുടങ്ങി മററ് മേഖലകൾക്കും ബാധകമാണ് എന്ന് ശാസ്ത്രസാഹിത്യ
പരിഷത്ത് കണക്കുകൾ ഉദ്ധരിച്ച് സമർഥിക്കുന്നു.

സമൂഹത്തിന്റെ ആസൂത്രിതവികാസത്തിന് ആവശ്യമായ പ്രചാ
രം ശാസ്ത്രസാങ്കേതികവിദഗ്ധന്മാരെ പലനിലവാരത്തിലും തരത്തിലും
പരിശീലിപ്പിക്കുകയല്ല, മേലേക്കിടക്കാരുടെ സന്നാഹങ്ങൾക്ക് ഇവിടെ
യോ മറുനാട്ടിലോ ഉന്നതമായ ഉദ്യോഗം നേടാനുള്ള ഒരുപാധിയെന്ന
നിലയിലാണ് ഉപരിവിദ്യാഭ്യാസം ആസൂത്രിതമായിട്ടും അനാസൂത്രിത
മായിട്ടും ദുർമ്മേദസ്സ് പിടിച്ച് വളർന്ന് ശ്വാസംമുട്ടുന്ന അവസ്ഥയിലെ
ത്തിയിരിക്കുന്നത് എന്ന് സാരം.

സ്റ്റേററ് പ്ലാനിംഗ് ബോർഡും ഈ ദുരവസ്ഥയിൽ അസംതൃപ്ത
രാണെന്ന് കാണുന്നു. ഉന്നതവിദ്യാഭ്യാസത്തെക്കുറിച്ച് ബോർഡിന്റെ
ഹൈലവൽകമ്മിററി തയ്യാറാക്കിയ റിപ്പോർട്ടിൽ (1984) ഇങ്ങനെ പറ
യുന്നു,

"കേരളത്തിലെ ഉന്നതവിദ്യാഭ്യാസരംഗത്തെ അവസ്ഥ ദുഃഖകര
മായ ഒരു ചിത്രമാണ് കാഴ്ചവയ്ക്കുന്നത്. ആവശ്യമായ ഭൗതികാ
ന്തർഘടനകളോ ലാബറട്ടറി സജ്ജീകരണങ്ങളോ ഗ്രന്ഥശാലാസൗക
ര്യങ്ങളോ ഒന്നുമില്ലാതെ കെട്ടിമേഞ്ഞ കൂരകളിലും വാടകകെട്ടിടങ്ങളിലു
മായി അനേകം കോളേജുകൾ കൂണുപോലെ മുളച്ചുപൊന്തുന്നു. പഴയതാ
യാലും പുതിയതായാലും എല്ലാ കോളേജുകളും കണക്കിലധികം വിദ്യാർ
ത്ഥികളുടെ തിക്കിത്തിരക്കുകാരണം നിയന്ത്രണാതീതമായിരിക്കുന്നു. പ്രാ
പ്തിയേക്കാൾ മററു പല പരിഗണനകളും സർക്കാർ കോളേജുകളിലെ
അദ്ധ്യാപകരെ തെരഞ്ഞെടുക്കാനായി നടപ്പിൽ വരികകൊണ്ടും, സ്വകാ
ര്യകോളേജുകളിൽ അദ്ധ്യാപകനിയമനത്തിന് സംഭാവനനൽകണമെ

ന്നവ്യവസ്ഥ വ്യാപിച്ചതുകൊണ്ടും പഴയകാലത്തെ അദ്ധ്യാപനനിലവാര
മെല്ലാം പോയിമറഞ്ഞിരിക്കുന്നു. അദ്ധ്യയനസമയങ്ങളിൽ ഒഴിഞ്ഞ ക്ലാ
സ്സുമുറികളും നിറഞ്ഞ നട്ടുമുററങ്ങളുമാണ് പലകോളേജുകളും കാഴ്ചവ
യ്ക്കുന്നതു് അദ്ധ്യാപകരുടെ പഠിപ്പില്ലായ്ക, ഹാജരില്ലായ്കകൊണ്ടു്
വിദ്യാർത്ഥികൾ നേരിടുന്നു. കേരളത്തിനുപുറത്തും, സർവകലാശാലാവൃ
ത്തങ്ങളിലും തൊഴിൽ വിപണികളിലും ഒരു കാലത്തു് കേരള സർവക
ലാശാല ബിരുദങ്ങൾക്കുണ്ടായിരുന്ന മതിപ്പു് ഈ സ്ഥാപനങ്ങളിലെ
ഉന്നത വിദ്യാഭ്യാസനിലവാരത്തിന്റെ ശോചനീയാവസ്ഥമൂലം അസ്ത
മിച്ചിരിക്കുകയാണ് പ്രത്യേകിച്ചും മാർക്കു് തിരുത്തൽ അപവാദങ്ങൾ
ക്കുശേഷം.”

## VI

കേരളത്തിലെ സ്കൂൾ വിദ്യാഭ്യാസരംഗമാണ് ഏററവും അപകട
കരമായ പാതയിലൂടെ ചലിക്കുന്നതു്. ഇവിടത്തെ സ്കൂൾവിദ്യാഭ്യാസ
പുരോഗതി ആരംഭിച്ചതു് സ്വാതന്ത്ര്യപ്രാപ്തിക്കുശേഷമല്ല എന്ന വസ്തുത
പട്ടികയിലെ സാക്ഷരതാ പുരോഗതിയിൽനിന്നുതന്നെ വ്യക്തമാണ്.
സ്വാതന്ത്ര്യപ്രാപ്തിക്കുമുമ്പുതന്നെ സ്കൂൾ വിദ്യാഭ്യാസ പുരോഗതി പുതി
യൊരു പുനസ്സംഘടനാ ആവശ്യമായ വിധത്തിൽ വികസിച്ചുകഴിഞ്ഞി
രുന്നു ഈ പുനഃസംഘടനയ്ക്കു തിരുവിതാംകൂർഭാഗത്തു് തുടക്കം കുറിച്ച
തു് 1945-ലെ പാപ്പ്വർത്തുകമ്മിററിയാണ്.

പ്രാഥമിക വിദ്യാഭ്യാസം ദേശസാൽക്കരിക്കുകയും നിർബന്ധിത
വും സാർവത്രികമാക്കുകയും ചെയ്യുക. വരേണ്യ സ്കൂളുകൾ എന്നും
ഇംഗ്ലീഷ് സ്കൂളുകളെന്നും ഉള്ള വേർതിരിവ് അവസാനിപ്പിക്കുക. പ്രാ
ഥമിക വിദ്യാലയങ്ങളിൽ കുട്ടികൾക്കു ഉച്ചഭക്ഷണം നൽകുക, പ്രാഥമി
ക പഠനം നാലുക്ലാസുകൾ എന്നതു് അഞ്ചുക്ലാസാക്കുക ഇംഗ്ലീഷ് മി
ഡിൽ സ്കൂളുകളിലെ ഒന്നാം ഫാറത്തിനുമുമ്പുള്ള പ്രിപ്പാറേറററിക്ലാസ്
സമ്പ്രദായം റദ്ദാക്കുക തുടങ്ങി പാപ്പ്വർത്തുകമ്മിററിയുടെ ശുപാർശ
കൾ സമഗ്രവും പുരോഗമനപരവുമായിരുന്നു. എന്നാൽ ഈ പരിഷ്കര
ണങ്ങളുടെ പുറകിൽ അന്നത്തെദിവാൻ സർ. സി. പി. രാമസ്വാമിഅയ്യർക്കു
ക്രിസ്തീയ സ്വകാര്യമാനേജുമെൻറുകളെ ഒരു പാഠം പഠിപ്പിക്കുക എന്ന
ഉദ്ദേശവും ഉണ്ടായിരുന്നതായി സ്റേററ കോൺഗ്രസിലെ പലരും ധരിച്ചു്
തങ്ങളുടെ വക സ്കൂളുകളൊക്കെ സർക്കാരിലേയ്ക്കു് വിട്ടുകൊടുക്കാൻ
റെഡിയാണ്. എന്നു് സർ. സി പി യുടെ പക്ഷപാതികളായിരുന്ന
നായർ സർവീസ് സൊസൈററിയും എസ്. എൻ ഡി പി–യു- മററും
പ്രഖ്യാപിച്ചതോടെ ശങ്ക വർദ്ധിച്ചു. ചങ്ങനാശേരിയിലെ ബിഷപ്പ്
കാളാശ്ശേരി സ്കൂൾ ദേശവൽക്കരണത്തിനെതിരെ ഒരുഇടയലേഖനം
പുറപ്പെടുവിച്ചു. ഈ സാഹചര്യത്തിൽ—

ദേശസാൽക്കരണം എത്ര നല്ല നടപടിയായാലും മർദ്ദകനായ സർ. സി. പി. യുടെ ഭാഗം നിൽക്കാൻ വയ്യ എന്നു പറഞ്ഞു് ദേശീയവാദികളെല്ലാം എതിർത്തു. അതുകൊണ്ടു് പാപ്പ്ഖത്തുകമ്മിററി ശുപാർശ നിയമസഭയുടേയും ദിവാൻെറയും അംഗീകാരംനേടിയെങ്കിലും പൂർണ്ണമായി നടപ്പിലായില്ല. അധികം താമസിയാതെ ഇന്ത്യ സ്വതന്ത്രയാവുകയും രാമസ്വാമി അയ്യർ നാടുവിടുകയും ചെയ്തു. കോൺഗ്രസ്സ് അധികാരത്തിൽവന്നു കോൺഗ്രസ്സ് നേതാവ് പട്ടംതാണുപിള്ളയും മററും പാപ്പ്ഖത്തുകമ്മിററി റിപ്പോർട്ടിനോടും ശുപാർശകളോടും ആഭിമുഖ്യമുണ്ടായിരുന്നു എങ്കിലും ക്രിസ്തീയ സഭയെ മുഷിപ്പിപ്പാൻ ധൈര്യമില്ലായിരുന്നു. 1949-ൽ തിരു-കൊച്ചി സംയോജനത്തെ തുടർന്നു് കൊച്ചിയിലെ അദ്ധ്യാപകപ്രസ്ഥാനനേതാവായിരുന്ന പ്രഫസർ ജോസഫ് മുണ്ടശ്ശേരിയുടെ പ്രേരണയിലും പനമ്പള്ളി ഗോവിന്ദമേനോൻെറ കൈകാര്യകർത്തൃത്വത്തിലും പ്രൈവാറ്റ് സെക്കൻഡറി സ്ക്കൂൾ സ്കീം (വി. എസ്സ്. എസ്സ്. സ്കീം) എന്നൊരു പദ്ധതി 1950-ൽ പ്രഖ്യാപിക്കപ്പെട്ടു. മാനേജർമാരുടെ ചൂഷണം അവസാനിപ്പിക്കണം അദ്ധ്യാപകർക്കു സ്ഥിരാവകാശവും നിശ്ചിതശമ്പളവും കിട്ടുമാറാകാനുമായിരുന്നു വി. എസ്സ്. എസ് സ്കീം കുട്ടികളിൽനിന്നു വാങ്ങുന്ന ഫീസ് 30 ശതമാനം സർക്കാർ ട്രഷറിയിൽ അടയ്ക്കണമെന്നും അദ്ധ്യാപക ശമ്പളം നേരിട്ടു് സർക്കാർ നൽകുമെന്നുമായിരുന്നു വ്യവസ്ഥ.

പക്ഷെ സ്വകാര്യമാനേജുമെൻറുകളുടെകടുത്ത എതിർപ്പുമൂലം അതു് പൂർണ്ണമായി നടപ്പിലായില്ല.

ഈ കാലയളവിൽ മലബാറിൽ വമ്പിച്ച അദ്ധ്യാപകപ്രസ്ഥാനം ചൂഷകരായ മാനേജർമാർക്കും അവർക്കു താളം ചവിട്ടുന്ന സർക്കാരിനും എതിരെ സമരംചെയ്യുകയായിരുന്നു. അതിൻെറ ഫലമായി അദ്ധ്യാപക ശമ്പളത്തിനുള്ള സഹായധനം മാനേജർമാർക്കു കൊടുക്കാതെ നേരിട്ടു് മണിയാർഡർ ആയി അയച്ചുകൊടുക്കുക എന്നൊരേർപ്പാട് മദിരാശി മുഖ്യമന്ത്രിയായിരുന്ന സി. രാജഗോപാലാചാരി നടപ്പാക്കി. പക്ഷെ ഇതൊക്കെയാണെങ്കിലും ഈ വ്യവസ്ഥകൾക്കൊന്നും വെറും എക്സിക്യൂട്ടീവ് ഓർഡറുകൾപ്പുറം ഔഫീയമന്നിൻെറ പിൻബലമില്ലായിരുന്നു. മാത്രമല്ല സ്ക്കൂളുകളുടെ

ഉടമസ്ഥത മാനേജർമാർക്കായിരിക്കുകയും അദ്ധ്യാപക നിയമനാധികാരവും പിരിച്ചുവിടാനുള്ള അധികാരവും അവരിൽ നിക്ഷിപ്തമായിരിക്കുകയും ചെയ്തതിനാൽ സ്കൂൾ വിദ്യാഭ്യാസരംഗത്തെ അരാജകത്വവും ചൂഷണവും അവസാനിപ്പിക്കാൻ സർക്കാരുത്തരവുകൾക്കു കഴിയാതെപോയി.

ഈ ചരിത്രപശ്ചാത്തലത്തിലാണ് 1956 നവമ്പർ 2-ാംനു കേരള ഭാഷാസംസ്ഥാനം രൂപീകരിക്കപ്പെട്ടതും തുടർന്നു നടന്ന തെരഞ്ഞെടുപ്പിൽ ജയിച്ച കമ്മ്യൂണിസ്റ്റ് പാർട്ടി 1957 ഏപ്രിൽ 5-ാം തീയതി കേരളത്തിന്റെ പ്രഥമ മന്ത്രിസഭ രൂപീകരിച്ചതും. പ്രൊഫസർ ജോസഫ് മുണ്ടശേരിയായിരുന്നല്ലോ അതിലെ വിദ്യാഭ്യാസ മന്ത്രി അദ്ദേഹം കേരളത്തിന്റെ വിദ്യാഭ്യാസ ചരിത്രത്തിലെന്നല്ല ഇന്ത്യയുടെ തന്നെ ചരിത്രത്തിൽ പ്രഥമം എന്നു വിവരിക്കാവുന്ന സമഗ്രവും സർവാംഗീണവും ആയ വിദ്യാഭ്യാസബിൽ നിയമസഭയിലവതരിപ്പിച്ചതും പിന്നീടുണ്ടായ കോലാഹലങ്ങളും വർഗ്ഗീയ മഹശക്തികളുടെ ഉയർത്തെഴുന്നീക്കലും വിമോചനസമരവും മററും ഞാനിവിടെ വിവരിക്കേണ്ടതില്ലല്ലോ. കമ്മ്യൂണിസ്റ്റ് ഗവൺമെന്റിന്റെ നിഷ്കാസനത്തിനുശേഷം ആ ബില്ലിൽ വളരെയേറെ വെള്ളം ചേർന്നെങ്കിലും കേരളത്തിലെ സ്കൂൾ വിദ്യാഭ്യാസത്തെ ഉറപ്പുള്ളതും ക്രമീകൃതവുമായ അടിത്തറയിൽ പുനസംഘടിപ്പിച്ച് പണിതുയർത്താൻ അതൊരു മൂലമായി. അങ്ങിനെ ദേശീയതാല്പര്യങ്ങളും ആസൂത്രണലക്ഷ്യങ്ങളും മുന്നിൽ കണ്ടുകൊണ്ട് സ്വകാര്യകച്ചവടതാല്പര്യക്കാരെ മറികടന്ന് വിദ്യാഭ്യാസപുരോഗതി കൈവരിക്കാൻ തുടക്കമിട്ടു. 1970–72-ൽ കോളേജദ്ധ്യാപകസമരത്തെ തുടർന്ന് വിദ്യാഭ്യാസ നിയമത്തിലെ ചില നടപടിക്രമങ്ങളെങ്കിലും സ്വകാര്യകോളേജുകളിലേയ്ക്കും വ്യാപിച്ചതോടെ കേരളവിദ്യാഭ്യാസ വ്യവസ്ഥയ്ക്കാകെ ഒരു ദിശാബോധം കൈവന്നു എന്നു പറയാം.

പക്ഷെ 1970 കളുടെ മദ്ധ്യത്തോടെ ഈ ദിശാബോധം കൈമോശംവന്നു. സ്കൂൾ വിദ്യാഭ്യാസ വ്യവസ്ഥയിൽ അപ്പോഴും നിലവിലിരുന്ന വരേണ്യപക്ഷപാതം ഇംഗ്ലീഷ് മീഡിയഭ്രമം സ്വകാര്യ ഏജൻസികളുടെ ഊര മുതലായവയെ പ്രോൽസാഹിപ്പിക്കുന്ന

7765 

വിധത്തിലായി. സർക്കാർ നയങ്ങളിലേയ്ക്കു് 1930 കളുടെ ആരംഭമായതോടെ അദ്ധ്യാപകർക്കും പുരോഗമനവിദ്യാഭ്യാസതല്പരർക്കും മാത്രമല്ല സർക്കാരിന്റെ ഉപദേഷ്ടാക്കളിൽ ഒരുഗണ്യമായ വിഭാഗത്തിനു് ഈ പോക്കിന്റെ ആപത്തു് ബോദ്ധ്യമായിത്തുടങ്ങി എന്നുവേണം കരുതാൻ പ്ലാനിംങ്ബോർഡിന്റെ ഹൈലവൽ കമ്മിററി ഏഴാംപഞ്ചവൽസരപദ്ധതിയുടെ തയ്യാറെടുപ്പ് എന്ന രീതിയിൽ തയ്യാറാക്കി പൊതുവിദ്യാഭ്യാസറിപ്പോർട്ടിൽ ഈ ആശങ്കകൾ പ്രകടമാണു്. കേരളത്തിലെ സ്കൂൾ വിദ്യാഭ്യാസമേഖലയിൽ ഉണ്ടായിരിക്കുന്ന വികാസത്തിന്റെ ഫലമായി അതൊരു “ലെവിയത്താൻ” (രാക്ഷസൻ) ആയി പരിണമിച്ചിരിക്കുന്നു എന്നും ആ വികാസത്തിന്റെ പുറകില്ല. വർഗ്ഗീയ-സ്വകാര്യ താല്പര്യങ്ങൾ കുഴഞ്ഞുമറിഞ്ഞ പ്രശ്നങ്ങൾ ഉണ്ടാക്കിയിരിക്കുന്നു എന്നും ഇനിമേൽ സ്വകാര്യവിദ്യാലയങ്ങൾ അനുവദിച്ചുകൂടെന്നും കമ്മിററി ശക്തമായി സമർത്ഥിക്കുകയും ആവശ്യപ്പെടുകയും ചെയ്യുന്നു. (പാര 2.3, 2 4, 2.5 നോക്കുക.)

സ്വകാര്യവിദ്യാലയങ്ങളുടെ അതിർകടന്ന വർധനവിനോടൊപ്പം പ്രകടമാകുന്ന മറെറാരു പ്രതിഭാസം വിദ്യാഭ്യാസതല്പരരെ അസ്വസ്ഥരാക്കുന്നു. അതു് കിൻറർ ഗാർടൻ മുതൽ ഹയർസെക്കൻഡറിവരെയുള്ള ഇംഗ്ലീഷ്മീഡിയം ക്ലാസുകളുടേയും ഇംഗ്ലീഷ് മീഡിയം റെക്കഗ്നൈസ്ഡ്, പബ്ലിക്കുമുതലായ വരേണ്യവിദ്യാലയങ്ങളുടെയും കർക്കിടകത്തിലെ കാട്ടുതകരപോലുള്ള പെരുപ്പവും വളർച്ചയുമാണു്. കേരളത്തിലെ വിദ്യാഭ്യാസവിചക്ഷണന്മാരിൽ പ്രമുഖനായ പ്രഫസർ പി. ആർ. ഗോപിനാഥൻനായർ അവയെക്കുറിച്ചു് ഇങ്ങനെ വിലയിരുത്തുന്നു.

“കേരളത്തിൽ അടുത്തയിടയായി പ്രകടമായിരിക്കുന്ന അസ്വാസ്ഥ്യജനകമായ ഒരു പ്രതിഭാസമാണു് ഇംഗ്ലീഷ് മാധ്യമസ്കൂളുകളുടെ പെരുപ്പം. അത്തരംസ്കൂളുകൾ സഹായധനമില്ലാത്ത (അൺഎയിഡഡ്) സ്കൂളുകളായി ആരംഭിച്ചുനടത്തുവാൻ സർക്കാർ സ്വകാര്യഏജൻസികൾക്കു് അനുവാദം നൽകുന്നു. അത്തരം സ്കൂളുകൾ

കുട്ടികളുടെ രക്ഷിതാക്കളിൽനിന്ന് "സംഭാവനയായി (നിർബന്ധപൂർവം തന്നെ) വമ്പിച്ച തുകകൾ ഈടാക്കുന്നു. സ്കൂൾകെട്ടിടം പണിയാനും ഫർണിച്ചർ, ലൈബ്രറി, ലാബോറട്ടറി മുതലായ ഉപകരണങ്ങൾ മെച്ചപ്പെടുത്തുവാനും മററുമാണത്രെ സംഭാവന. അതിനു പുറമെ ഭീമമായ ഫീസ് അവർ ഈടാക്കുന്നു: സമൂഹത്തിലെ ഭേദപ്പെട്ട വിഭാഗങ്ങൾക്കുവേണ്ടിയാണ് ഇത്തരം സ്കൂളുകൾ എന്ന് വ്യക്തം: 1970-80-ൽ ഈ ഇനത്തിൽപ്പെട്ട 55 കീഴ് പ്രാഥമിക വിദ്യാലയങ്ങളും 26 മേൽ പ്രാഥമിക വിദ്യാലയങ്ങളും 57 ഹൈസ്കൂളുകളും ഉണ്ടായിരുന്നു. അവ അൺഎയിഡഡ് മാത്രമല്ല അൺറെക്കഗ്നൈസ്ഡ് ആയിരുന്നു. കൂടാതെ അംഗീകാരം ലഭിക്കാനായി കാത്തുകിടക്കുന്ന മററനവധി സ്ഥാപനങ്ങളും അത്തരത്തിൽപ്പെട്ടവയായി ഉണ്ടായിരുന്നു. അത്തരം വരേണ്യവർഗ്ഗസ്കൂളുകൾ വിദ്യാഭ്യാസവ്യവസ്ഥയിൽ ഒരു ദ്വിനയം സൃഷ്ടിക്കുന്നവർ—എല്ലാവർക്കുംപ്രവേശിക്കാൻകഴിയുന്നതുംമലയാളമാധ്യമത്തിൽപഠിപ്പിക്കുന്നവയുമാണ് ഒരു ഇനമെങ്കിൽ മറേറതാകട്ടെ തെരഞ്ഞെടുക്കപ്പെട്ട ഒരു അഭിജാതവിഭാഗത്തിനുമാത്രം പ്രവേശിക്കാൻ കഴിയുന്ന ഇംഗ്ലീഷ് മാധ്യമ വിദ്യാലയങ്ങൾ അവസാനത്തെ ഇനത്തിൽപ്പെട്ടവയിലെ അഭ്യസനം കൂടുതൽ മെച്ചപ്പെട്ടതു എന്നത്രെ സങ്കല്പം. കോളേജ് പ്രവേശനത്തിലും പിന്നീട് ഉദ്യോഗങ്ങൾക്കുവേണ്ടിയുള്ള പരീക്ഷകളിലും അക്കൂട്ടർക്കു ആദ്യത്തെ കൂട്ടരെക്കാൾ മുൻഗണനലഭിക്കും ഇത്തരം അൺഎയിഡഡ് ഇംഗ്ലീഷ്മീഡിയം സ്കൂളുകളെ പ്രോൽസാഹിപ്പിക്കുന്നനയം സംസ്ഥാനത്തിന്റെയും രാഷ്ട്രത്തിന്റെ ആകെയും പ്രഖ്യാപിതനയങ്ങൾക്കൊക്കെ കടകവിരുദ്ധമാണ് (Educational Reforms in India Universalisation of Fimary Educatioa in Kerala, Working paper 181, CDS' Trivandrum)

പ്രധാനമന്ത്രി രാജീവ്ഗാന്ധി പറയുന്ന "സെന്റേഴ്സ് ഓഫ് എക്സലൻസി"ന്റെ മറെറാരു രൂപമാണ്. ഈ വരേണ്യ വിദ്യാലയങ്ങൾ. അംഗീകൃതമായ സ്കൂളുകളുടെ ഇടയിലും ഇത്തരം വരേണ്യസ്ഥാപനങ്ങൾ കുറവല്ല. സർക്കാർ സ്കൂളുകളെ അവഗണി

ക്കുകയല്ല സാധാരണസ്ക്കൂളുകൾമെച്ചപ്പെടുത്താൻ നടപടികളെടുക്കാതിരിക്കുകയും ചെയ്തു് ഇത്തരം വരേണ്യസ്ഥാപനങ്ങളെതന്നെ ഗോപുരങ്ങളാക്കിമാററുന്നതും ബോധപൂർവമായാലും അല്ലെങ്കിലും ആപൽക്കരമാണു്. പഴയ കാലത്തെപ്പോലെ തമ്പ്രാക്കന്മാർക്കൊരുവക സവർണ വിദ്യാലയങ്ങൾ അധഃസ്ഥിതരായ ഭൂരിപക്ഷത്തിനു് അധഃകൃത വിദ്യാലയങ്ങൾ എന്ന ഈ പ്രവണത സമൂഹത്തിലെ ഉച്ചനീചത്വങ്ങൾ ഊനംകൂടാതെ നിലനിറുത്താനെഉപകരിക്കൂ.

പണ്ടേതന്നെ നമ്മുടെ വിദ്യാഭ്യാസവ്യവസ്ഥയാകെ ദരിദ്രർക്കു് അനഭിഗമ്യവും ധനികർക്കു സുഗമവും ആണെന്നുമഗലനോബിസും ജെ. പി. നായിക്കു്, ഗുണ്ണാർമിറഡൻ തുടങ്ങിയ വിദഗ്ധന്മാർ മാത്രമല്ല കൊഠാരികമ്മിഷൻ റിപ്പോർട്ടുപോലുള്ള അധികൃതരേഖകളും സാക്ഷ്യപ്പെടുത്തിയിട്ടുണ്ടു്. ഈ അവസ്ഥക്കു് മാററംവരുത്താതെ ദുർബലവിഭഗേങ്ങളുടെ ഉന്നമനത്തേയും സോഷ്യലിസത്തെയും ജനാധിപത്യത്തേയുംപററി പ്രസംഗിക്കുന്നതു് ആത്മവഞ്ചനയാണു്. ഉദ്ബുദ്ധമായ അദ്ധ്യാപകലോകവും വിദ്യാർത്ഥികളും രക്ഷാകർത്താക്കളും അടിയന്തിരമായി ഉണർന്നു പ്രവർത്തിക്കാത്തപക്ഷം ഈ പ്രവണത തടയാനാവാത്ത സ്ഥിതിയിലെത്തും വിദ്യാഭ്യാസവ്യവസ്ഥ വികസിച്ചാൽമാത്രം പോരാ അതിന്റെ സാമൂഹ്യ ലക്ഷ്യവും ദിശാബോധവും പ്രഖ്യാപിതനയങ്ങളുമായി പൊരുത്തപ്പെടുകയുംവേണം.

ശുഭം.

PG Library & Research Center